*14-10-2026*

*Submission*

**സബ്മിഷൻ**

(1) നെടുമ്പാശ്ശേരിയിലെ വാഹനാപകടം

പ്രതിപക്ഷ നേതാവ് (ശ്രീ. പിണറായി വിജയൻ): സർ, സമൂഹ മന:സാക്ഷിയെ വലിയതോതിൽ ഞെട്ടിക്കുന്ന സംഭവമാണ് കഴിഞ്ഞ 11-ാം തീയതി പുലർച്ചെ നെടുമ്പാശ്ശേരിയിലുണ്ടായത്. ഒരു മിനി കൂപ്പർ വാഹനം ഇടിച്ച് മൂന്ന് ചെറുപ്പക്കാർ കൊല്ലപ്പെടുകയാണുണ്ടായത്. അവർ സഞ്ചരിച്ച സ്കൂട്ടറിന് പിന്നിലാണ് അമിത വേഗതയിൽവന്ന വാഹനമിടിക്കുന്നത്. ആ പ്രതിയെ അപ്പോൾതന്നെ നാട്ടുകാർ പിടിച്ച് പൊലീസിൽ ഏല്പിക്കുന്നുണ്ട്. ഉടനെത്തന്നെ അവിടെവച്ച് ആ ചെറുപ്പക്കാരന്റെ പ്രതികരണം വരികയാണ്; എന്റെ ബാപ്പ നോക്കിക്കോളും, എനിക്കൊരു ഭയവുമില്ല. ഒരു മകന് ബാപ്പയോടുള്ള വിശ്വാസത്തിന്റെ ഭാഗമായിട്ട് വരുന്ന പ്രതികരണം മാത്രമായല്ല നമ്മൾ ഇതിനെ കാണേണ്ടത്. എല്ലാവരും പറയുകയാണ് ആ ചെറുപ്പക്കാരൻ കടുത്ത മദ്യലഹരിയിലായിരുന്നുവെന്ന്. കാരണം നിൽക്കാൻതന്നെ പ്രയാസപ്പെടുന്നുണ്ടെന്നാണ് പൊതുവിൽ കേൾക്കുന്ന വിവരം. 19 വയസ്സുകാരൻ 3 ബാറിൽ കയറി മദ്യപിച്ചുവെന്നുള്ളത് ഇപ്പോൾത്തന്നെ വാർത്തകളിൽ വന്നിട്ടുണ്ട്.

*Submission*

ഇതിലുണ്ടായ ചില പ്രശ്നങ്ങൾ നമ്മൾ അതീവ ഗൗരവമായി കാണണം. പ്രതിയെ പിടിച്ച് ആളുകൾ നേരെ പൊലീസിന് ഏല്പിക്കുകയാണുണ്ടായത്. അത് ഒരുമണിക്ക് ശേഷമുള്ള സംഭവമാണ്. പക്ഷെ, എഫ്.ഐ.ആർ. ഇടുന്നതിൽ വലിയ കാലതാമസ്സമാണ് സംഭവിച്ചത്. നാല് മണിക്ക് വിവരം ലഭിച്ചുവെന്നാണ് എഫ്.ഐ.ആർ.-ലുള്ളത്. 1.30-നാണ് സംഭവം നടന്നത്. അതുകഴിഞ്ഞ് 3 മണിക്കൂറിനുശേഷം ജി.ഡി. എൻട്രിയും എഫ്.ഐ.ആർ.-ഉം രേഖപ്പെടുത്തുകയാണ്. പ്രതി പൊലീസ് കസ്റ്റഡിയിലുണ്ട്. പക്ഷെ, രാവിലെ 10 മണിയ്ക്കുശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തുന്നത്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട് ധാരാളം അഭ്യൂഹങ്ങളും വിവരങ്ങളും പുറത്തുവരുന്നുണ്ട്. കൃത്യസമയത്ത് പ്രതിയുടെ വൈദ്യ പരിശോധന നടന്നില്ലെന്ന വിവരം പുറത്ത് കേൾക്കുന്നുണ്ട്. അത് എന്താണെന്നുള്ളത് കൃത്യമായി ആഭ്യന്തര വകുപ്പുമന്ത്രിക്ക് അറിയാമായിരിക്കും. മദ്യ ലഹരിയിൽ ആടി നിൽക്കുന്ന പ്രതിയാകുമ്പോൾ ഉടൻതന്നെ വൈദ്യപരിശോധനയ്ക്ക് അയയ്ക്കുകയാണ് വേണ്ടിയിരുന്നത്. വാർത്തകൾ കാണുമ്പോൾ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് സംശയം വരുന്നുണ്ട്. ഇവിടെ മദ്യപിച്ച് വാഹനമോടിച്ച് അപകടം വരുത്തിയാൽ മോട്ടോർ വെഹിക്കിൾസ് ആക്റ്റ്

*Uncorrected/Not for publication*

*14-10-2026*

*Submission*

185-ാം വകുപ്പ് ചേർക്കണം. പക്ഷെ, അത് ഇതിലിപ്പോൾ ചേർത്തതായി കാണുന്നില്ല. BNS 105-ാം വകുപ്പാണ് ചേർത്തിട്ടുള്ളത്. ഈ സംഭവത്തിന്റെ ഗൗരവത്തിനനുസൃതമായല്ല ഇക്കാര്യങ്ങളുണ്ടായിട്ടുള്ളത്. പ്രതിയുടെ പേര് രേഖപ്പെടുത്തുന്ന കോളത്തിൽ പ്രതിയുടെ പേര് ചേർക്കാത്തത് വലിയ സംശയമുണ്ടാക്കുന്ന ഒരു കാര്യമാണ്. കാരണം, ഇതുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകളാണ് വന്നിട്ടുള്ളത്. പ്രതിയെ മാറ്റാനുള്ള ഒരു ശ്രമമുണ്ടായോ എന്ന സംശയം സ്വാഭാവികമായും പേര് ചേർക്കാത്തതിന്റെ ഭാഗമായുണ്ടാകുകയാണ്. കാരണം, പ്രതി കസ്റ്റഡിയിലുണ്ടല്ലോ; കസ്റ്റഡിയിലുള്ള പ്രതിയുടെ പേര് ചേർക്കാത്തതിനാൽ അതിലൊരു സംശയം നിലനിൽക്കുകയാണ്. ഇവിടെ എക്സൈസ് വകുപ്പ് ഒരു കാര്യം ചെയ്തിട്ടുണ്ട്. 23 വയസ്സിന് താഴെയുള്ള ഒരാൾക്ക് മദ്യം വിറ്റതിന് മൂന്ന് ബാർ ഉടകളുടെ പേരിൽ കേസെടുത്തിട്ടുണ്ട്. അത് എക്സൈസ് വകുപ്പുമന്ത്രി സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ദൃശ്യങ്ങൾ സി.സി.ടി.വി.-യിൽ പ്രചരിച്ചിട്ടുണ്ട്. ഈ കേസ് നിലനിൽക്കണമെങ്കിൽ പ്രതി മദ്യപിച്ചുവെന്ന് തെളിയിക്കണം. അതിന് കൃത്യമായ വൈദ്യപരിശോധന നടന്നിട്ടുണ്ടോ;

14-10-2026

*Submission*

നേരത്തെ കേട്ട വാർത്തയനുസരിച്ച് ഒരു ശങ്ക അതിലുണ്ട്. അങ്ങനെയാണെങ്കിൽ, കൃത്യമായി നടന്നില്ലെങ്കിൽ ആ കേസ് അലങ്കോലപ്പെടുന്ന അവസ്ഥയുണ്ടാകും. ഇവിടെ ഒരു വാർത്ത ഗൗരവമായി കാണേണ്ടതുണ്ട്. 19 വയസ്സ് പ്രായമെന്ന ഇളവ് പ്രകാരം ജൂവനൈൽ ഹോമിലേക്ക് അയയ്ക്കുന്നുണ്ട്. 21 വയസ്സിനുതാഴെയുള്ളവരെ അതിന്റെ ഭാഗമായി അയയ്ക്കാമെന്നായിരിക്കും. എന്നാൽ മുൻപ് ഒരു സംഭവം നടന്നിരുന്നു, അപ്പൂപ്പനെ കൊലപ്പെടുത്താനായി പ്ലാൻ ചെയ്ത കുട്ടികൾക്ക് ജൂവനൈൽ സംരക്ഷണം കൊടുക്കരുതെന്ന് പൊതുസമൂഹം പറഞ്ഞിരുന്നു. ഇത്തരം കാര്യങ്ങൾ നമ്മൾ ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ കേസിലെ മറ്റ് കാര്യങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുമ്പോൾ വ്യക്തമാകും. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ താമസിച്ചിരുന്നോ; കസ്റ്റഡിയിലുള്ള പ്രതിയുടെ പേര് എന്തുകൊണ്ടാണ് രേഖപ്പെടുത്താതിരുന്നത്; അതുപോലുള്ള കാര്യങ്ങൾ ഗൗരവമായി പരിശോധിക്കണമെന്നാണ് പറയാനുള്ളത്.

*14-10-2026*

*Submission*

<u>മി. സ്പീക്കർ</u>: നേരത്തെ എഴുതിനൽകിയതിനാൽ സ്ഥലം എം.എൽ.എ.-യായ ശ്രീ. അവർ സാദത്ത് രണ്ടുവാക്ക് സംസാരിക്കാൻ അവസരം നൽകുന്നു.

## 1. നെടുമ്പാശ്ശേരിയിലെ വാഹനാപകടം

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, നെടുമ്പാശ്ശേരിയിൽ മൂന്നുപേർ മരിക്കാനുണ്ടായ സാഹചര്യം അതിദാരുണമാണ്. ആ കുടുംബങ്ങൾക്കുണ്ടായ പ്രയാസം നമ്മളെല്ലാവരും കണ്ടതാണ്. ഒരു അപകട മരണത്തിനപ്പുറം ഇതൊരു കൊലപാതകമായിത്തന്നെ കണക്കാക്കണം. അത്ര വലിയ ക്രൂരകൃത്യമാണ് ചെയ്തത്. ഇത് നമുക്കൊരിക്കലും ഒരിക്കലും അനുവദിക്കാൻ സാധിക്കാത്തതാണ്. സുഹൈലിന്റെ ലൈസൻസ് ആജീവനാന്തം റദ്ദ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇനിയൊരാളും ഇതുപോലെ ആവർത്തിക്കരുത്. കൂടെയുള്ള മൂന്നുപേരെ പ്രതിയാക്കിയത് നല്ലൊരു കീഴ്വഴക്കമാണ്. കാരണം, മദ്യപിച്ച് വാഹനം ഓടിക്കുന്നവനോടൊപ്പം ഒരാളും കയറരുതെന്ന വലിയൊരു മെസേജാണ് കേരളത്തിലെ പോലീസ്

*Submission*

എടുത്തത്. ഒരാൾ മദ്യപിച്ച് വണ്ടിയോടിച്ചാൽ അവന്റെ വണ്ടിയിൽ കയറാൻ ആളുകൾ ഭയപ്പെടും. അത് ഏറ്റവും ഉചിതമായ തീരുമാനമാണ്. അത് മാത്രമല്ല, പ്രതികളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത്, അവർക്ക് പരമാവധി ശിക്ഷ വാങ്ങി നൽകുന്ന രീതിയിലേക്ക് പോകണം. കുട്ടികൾക്ക് രക്ഷാകർത്താക്കൾ സൗകര്യങ്ങൾ ഒരുക്കുമ്പോൾ ഉത്തരവാദിത്വത്തോടെ അത് ഉപയോഗിക്കാൻ അവർതന്നെ പഠിപ്പിക്കണം. അത് പഠിപ്പിക്കാത്തതിന്റെ ദാരുണമായ സംഭവമാണ് നെടുമ്പാശ്ശേരിയിൽ കണ്ടത്. ഈ പ്രതികൾക്ക് എത്രമാത്രം ശിക്ഷനൽകാൻ സാധിക്കുമോ ആ രീതിയിലേക്ക് പോകണം. എയർപോർട്ട് റോഡിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെ എ.എൻ.പി.ആർ. (Automatic Number Plate Recognition) ക്യാമറകൾ സ്ഥാപിക്കേണ്ടതുണ്ട്. അത് വാഹനങ്ങളുടെ സ്പീഡ് കണക്കാക്കാനും നമ്പർ കൃത്യമായി തെളിയുന്നതിനും സഹായിക്കും. എയർപോർട്ട് റോഡിൽ രാത്രികാലങ്ങളിൽ ഹൈസ്പീഡിൽ വാഹനങ്ങൾ പോകുന്നുവെന്നത് സത്യമാണ്. എയർപോർട്ടിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും എ.എൻ.പി.ആർ. ക്യാമറയുണ്ടെങ്കിൽ ഹൈസ്പീഡിൽ പോകുന്ന വാഹനങ്ങളുടെ നമ്പർ കണ്ടുപിടിക്കാനും

*Submission*

ഹൈസ്പീഡാണെന്ന് മനസ്സിലാക്കാനും സാധിക്കും. ആ ഒരു നടപടിയിലേയ്ക്കും പോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സ്ഥലം എം.എൽ.എ. ശ്രീ. അൻവർ സാദത്തും ഉന്നയിച്ചത് വളരെ വേദനാജനകമായ, കേരളത്തെ ഞെട്ടിപ്പിച്ച ദാരുണമായ സംഭവത്തെക്കുറിച്ചാണ്. ഈ വാർത്ത അറിഞ്ഞപ്പോൾ എല്ലാവർക്കും വലിയ വിഷമവും പ്രയാസവുമാണുണ്ടായത്. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള കർശനമായ നടപടികളായിരിക്കും ഇനിമുതൽ സ്വീകരിക്കാൻ പോകുന്നത്. ഓരോ സംഭവങ്ങളുണ്ടാകുമ്പോഴാണ് അതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊള്ളുന്ന സാഹചര്യമുണ്ടാകുന്നത്. എറണാകുളം നെടുമ്പാശ്ശേരി എയർപോർട്ട് അത്താണി VIP റോഡിൽ മൂഴിയാർ സുവർണോദ്യാനത്തിന് സമീപമുള്ള വളവിൽവച്ച് 11-10-2026-ന് പുലർച്ചെ 1.45-ന് അമിത വേഗതയിലെത്തിയ KL 07 CR 1001 നമ്പർ മിനി കൂപ്പർ കാർ KA 21 EA 1054 നമ്പർ സ്കൂട്ടറിൽ ഇടിച്ച് അപകടമുണ്ടായിട്ടുള്ളതാണ്. ടി അപകടത്തിൽവച്ച് സ്കൂട്ടറിൽ സഞ്ചരിച്ച് വന്നിരുന്ന തൃക്കാക്കരയിൽ

*Submission*

പ്രവർത്തിക്കുന്ന സുക്കോയ ആർട്ട് ആൻഡ് ക്രാഫ്റ്റ് സ്റ്റേഷനറി കടയിലെ പാർട്ട് ടൈം ജീവനക്കാരായ കർണ്ണാടക കൂർഗ് സ്വദേശിയായ ഇയാസ്, പാലക്കാട് മണ്ണാർക്കാട് സ്വദേശി ഗോപിക, വയനാട് മുട്ടിൽ സ്വദേശി ദേവിക എന്നിവർ മരണപ്പെട്ടിട്ടുള്ളതാണ്. ടി കാര്യത്തിന് ടിയാളുകളുടെ സഹപ്രവർത്തകനും ടിയാളുകളോടൊപ്പം മറ്റൊരു ഇരുചക വാഹനത്തിൽ യാത്ര ചെയ്ത് വന്നിരുന്നതുമായ തൃശ്ശൂർ കുന്നംകുളം സ്വദേശി പ്രിയാദ് എന്നയാൾ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ മിനി കൂപ്പർ കാർ ഡ്രൈവറെ ഒന്നാം പ്രതിയാക്കി നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷനിൽ 10 വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന BNS നിയമത്തിലെ 105 (Culpable Homicide not amounting murder) വകുപ്പ് പ്രകാരം ക്രൈം. 858/2026 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ കേസിലേക്ക് നടത്തിയ അന്വേഷണത്തിൽ അപകടത്തിന് കാരണമായ കാർ ഓടിച്ചിരുന്നത് ആലപ്പുഴ സ്വദേശിയും നിലവിൽ എറണാകുളം ജില്ലയിലെ കാക്കനാട് താമസിച്ച് വരുന്നതുമായ സുഹൈൽ (19) എന്നയാളാണെന്നും ഇദ്ദേഹത്തോടൊപ്പം ടിയാന്റെ സുഹൃത്തുക്കളായ ആലപ്പുഴ സ്വദേശികളായ നിനവ് (19), ജോയൽ എസ്. ആന്റോ (19), അമീൻ ഷാ (19) എന്നിവർ

*Submission*

ഉണ്ടായിരുന്നതുമാണ്. തുടർന്ന്, മേൽ കേസിലേക്ക് കൃത്യ സ്ഥലത്തുനിന്നും സുഹൈൽ, നിനവ് എന്നിവരെ അന്നേദിവസം (11-10-2026) പോലീസ് കസ്റ്റഡിയിലെടുത്ത് അങ്കമാലി താലൂക്ക് ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. അപകടം നടന്നയുടനെ കൃത്യ സ്ഥലത്തുനിന്നും ഓടി പോയ ജോയൽ എസ്. ആന്റോ, അമീൻ ഷാ എന്നിവരെ 11-10-2026 രാത്രി 9.30 മണിയോടെ കസ്റ്റഡിയിലെടുത്തിട്ടുള്ളതും 12-10-2026-ന് പുലർച്ചെ ഇവരെ അങ്കമാലി താലൂക്ക് ആശുപത്രിയിൽ എത്തിച്ച് വൈദ്യപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതുമാണ്. മേൽ കേസിന്റെ അന്വേഷണത്തിൽ FIR-ൽ പറഞ്ഞിരുന്ന സെക്ഷൻ 105 വകുപ്പിന് പുറമെ BNS നിയത്തിലെ 281 (Rash Driving), 49 (Abetment), 3(5), മോട്ടോർ വെഹിക്കിൾ നിയമത്തിലെ 185(a) (Driving a vehicle with alcohol concentration in blood exceeding 30 mg/100ml) എന്നീ വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ നടന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ മേൽ കേസിലേയ്ക്ക് ഈ വകുപ്പുകൾ കൂട്ടിച്ചേർത്ത് ബഹുമാനപ്പെട്ട കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

*14-10-2026*

*Submission*

മേൽകേസിലെ ഒന്നാം പ്രതി സുഹൈലിനെയും രണ്ടാം പ്രതി നിനവിനെയും അറസ്റ്റ് ചെയ്ത് റിമാന്റ് അപേക്ഷ സഹിതം അങ്കമാലി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും അന്നേദിവസം അങ്കമാലി മജിസ്ട്രേറ്റ് കോടതി അവധിയിലായതിനാൽ ആലുവ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാകുന്നു. ബഹുമാനപ്പെട്ട ആലുവ മജിസ്ട്രേറ്റ് കോടതി ഇവരെ ബോർസ്റ്റൽ സ്കൂളിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. മേൽകേസിലെ 3-ഉം 4-ഉം പ്രതികളെ അറസ്റ്റ് ചെയ്ത് 12-10-2026-ന് അങ്കമാലി മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും അങ്കമാലി കോടതിയും 3-ഉം 4-ഉം പ്രതികളെയും കാക്കനാട് ബോർസ്റ്റൽ സ്കൂളിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. ഇപ്രകാരം 4 പ്രതികളെയും അങ്കമാലി മജിസ്ട്രേറ്റും ആലുവ മജിസ്ട്രേറ്റും ബോർസ്റ്റൽ സ്കൂളിലേക്ക് അയയ്ക്കാനുണ്ടായ കാരണം ജയിൽ ചട്ടം 25, റൂൾ 324 പ്രകാരം 18 മുതൽ 21 വയസുവരെ പ്രായമുള്ള കുറ്റവാളികളെ ജയിലിൽ അടയ്ക്കുന്നതിനുപകരം ബോർസ്റ്റൽ സ്കൂളിലേക്ക് അയയ്ക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ അപകടത്തിൽ വച്ച് പരിക്ക് പറ്റിയ ഇയാസ്, ദേവിക എന്നിവരെ ആലുവ ദേശത്തുള്ള CA ആശുപത്രിയിലും ഗോപികയെ

*Submission*

അങ്കമാലി താലൂക്ക് ആശുപത്രിയിലുമാണ് ചികിത്സക്കായി എത്തിച്ചിട്ടുള്ളതും 3 പേരും മരണപ്പെട്ട് പോയിട്ടുള്ളതുമാണ്. മരണശേഷം ഇയാസ്, ദേവിക എന്നിവരുടെ മൃതശരീരം കളമശ്ശേരി മെഡിക്കൽ കോളേജ് ആശുപത്രിയിലും ഗോപികയുടെ മൃതശരീരത്തിന്റെ പോസ്റ്റ്മോർട്ടം അങ്കമാലി താലൂക്ക് ആശുപത്രിയിലുമാണ് നടത്തിയത്. പോസ്റ്റ്മോർട്ടം നടന്ന സമയത്ത് മരണപ്പെട്ട 3 പേരുടെയും രക്തസാമ്പിളുകൾ പരിശോധനയ്ക്കായി ശേഖരിച്ചിട്ടുള്ളതും ആയത് ഫോറൻസിക് പരിശോധനയ്ക്കായി അയച്ചിട്ടുള്ളതുമാണ്. മേൽ കേസിന്റെ അന്വേഷണത്തിൽ ഒന്നാം പ്രതി സുഹൈൽ അമിതമായി മദ്യപിച്ച് മനുഷ്യ ജീവന് അപായം വരുത്തത്തക്ക നിലയിൽ അശ്രദ്ധമായും ഉദാസീനമായും അമിതവേഗത്തിൽ ഒന്നാം പ്രതിയുടെ അമ്മ നുഹയുടെ ഉടമസ്ഥതയിലുള്ള KL 7 CR 1001 മിനി കൂപ്പർ കാർ ഓടിച്ച് മരണപ്പെട്ട 3 പേർ സഞ്ചരിച്ച് വന്ന KA 21 EA 1054 സ്കൂട്ടറിൽ ഇടിച്ച് 3 പേരെയും കുറ്റകരമായ നരഹത്യ ചെയ്തതായി വെളിവായിട്ടുണ്ട്. ഇക്കാര്യത്തിൽ 2-ഉം 3-ഉം 4-ഉം പ്രതികൾ ഒന്നാം പ്രതിക്ക് പ്രേരണ നൽകുന്നതായാണ് മനസ്സിലാക്കിയിട്ടുള്ളതാണ്. അന്വേഷണത്തിൽ ഈ കേസിലെ ഒന്നാം പ്രതിയുടെ KL 04 20250001309 നമ്പരിൽ RTO

*14-10-2026*

*Submission*

ആലപ്പുഴ നൽകിയിട്ടുള്ള ഡ്രൈവിങ് ലൈസൻസ് റദ്ദ് ചെയ്യുന്നതിന് മോട്ടോർ വാഹന വകുപ്പിന് രേഖാമൂലം പോലീസ് കത്ത് നൽകിയിട്ടുണ്ട്. മേൽകേസിന്റെ അന്വേഷണം നെടുമ്പാശ്ശേരി ഇൻസ്പെക്ടർ നടത്തിവരികയാണ്. ആ കേസ് ആലുവ ഡിവൈ.എസ്.പി. ശ്രീ. ബൈജു പൗലോസിനെ അന്വേഷണം ഏറ്റെടുക്കാൻ നിർദ്ദേശിച്ചു. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ പരാതികൾ പരിശോധിച്ച് ഉചിതമായ നടപടി ഉറപ്പാക്കാൻ സൗത്ത് സോൺ ഐ.ജി. ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ പ്രത്യേകമായി ഞാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ കേസിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാൻ സർക്കാർ സന്നദ്ധമാണ്. ഇക്കാര്യത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ അഭിപ്രായം പരിഗണിച്ചായിരിക്കും നടപടി സ്വീകരിക്കുന്നത്. മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെ നിയമ നടപടി കർശനമാക്കും. ഇതിന്റെ ഭാഗമായി ഇന്നലെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി. 13-10-2026 രാത്രി 7.00 മണി മുതൽ 14-10-2026 രാവിലെ 7.00 മണിവരെ നടത്തിയിട്ടുള്ള സ്പെഷ്യൽ ഡ്രൈവിൽ മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ 959 കേസുകൾ പോലീസ് രജിസ്റ്റർ

*Submission*

ചെയ്യുകയും നിരവധിയാളുകളെ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് ധാരാളം അഭ്യൂഹങ്ങൾ ആരൊക്കെയോ പ്രചരിപ്പിക്കുകയാണ്. ഒരു അപകടമുണ്ടായാൽ പോലീസ് എങ്ങനെയാണ് നടപടി സ്വീകരിക്കുന്നതെന്ന് അങ്ങേയ്ക്കറിയാം. അതിലൊന്നും ഒരു വിട്ടുവീഴ്ചയുമില്ല, ശക്തമായ നടപടി സ്വീകരിക്കും. എഫ്.ഐ.ആർ.-ൽ എന്തുകൊണ്ട് ആദ്യം പേര് ഉൾപ്പെടുത്തിയില്ലെന്ന് മുഖ്യമന്ത്രിയും എന്നോട് ചോദിച്ചതാണ്. ഈ അപകടത്തെ സംബന്ധിച്ച് അപകടത്തിൽ മരണപ്പെട്ടവരുടെ സഹപ്രവർത്തകനായ പ്രിയാദ് പോലീസിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത്. അപകട സമയത്ത് കാറോടിച്ചിരുന്ന ഡ്രൈവറുടെ പേരും മേൽവിലാസവും മൊഴി കൊടുത്ത പ്രിയാദിന് അറിയാതിരുന്നതുകൊണ്ടാണ് പ്രതിക്കോളത്തിൽ കൃത്യ സമയം KL 07 CR 1001 കാർ ഓടിച്ചയാൾ എന്ന് രേഖപ്പെടുത്തിയത്. പിന്നീട് വിവരങ്ങൾ മനസ്സിലാക്കി, (റിമാന്റ് റിപ്പോർട്ട് ഇവിടെയുണ്ട്) ഒന്നാം പ്രതിയായി ഇയാളെ ചേർക്കുകയും ഇയാളാണ് വാഹനമോടിച്ചതെന്നും ആ തരത്തിൽ അയാളുടെ പേരിൽ ശക്തമായ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

*14-10-2026*

*Submission*

മദ്യപിച്ചുവെന്ന് എഫ്.ഐ.ആർ.-ൽ രേഖപ്പെടുത്താത്തതിന്റെ കാരണമാണ് രണ്ടാമതായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചത്. മരണപ്പെട്ടരുടെ സുഹൃത്തായ പ്രിയാദ് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിലാണ് ഈ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ സംഭവസ്ഥലത്ത് ഈ കേസിലുൾപ്പെട്ട് വാഹനമോടിച്ചിരുന്നയാളെ സ്റ്റേഷനിൽ കൂട്ടിക്കൊണ്ടുവന്ന് ആലുവ താലൂക്കാശുപത്രിയിൽ മെഡിക്കൽ പരിശോധനയ്ക്ക് 11-10-2026-ന് വിധേയനാക്കിയിട്ടുള്ളതും മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചശേഷം ഈ കേസിലെ പ്രതി മദ്യപിച്ചിരുന്നുവെന്ന് വെളിവായതിനാൽ തുടർന്ന് സെക്ഷൻ 185 MV ആക്റ്റ് കൂട്ടിച്ചേർത്തതും ആയത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ 13-10-2026-ൽ സമർപ്പിച്ചിട്ടുള്ളതുമാണ്. അതിന്റെ സർട്ടിഫിക്കറ്റ് (പ്രതി മദ്യപിച്ചിരുന്നുവെന്നതിന്റെ സർട്ടിഫിക്കറ്റ്) എന്റെ കൈയിലുണ്ട്.

ബോർസ്റ്റൽ സ്കൂളിലേക്ക് മാറ്റിയതിനെ സംബന്ധിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചിരുന്നു. അതിൽ മാറ്റം വരുത്തണമെങ്കിൽ നമുക്ക് മാറ്റാവുന്നതാണ്. പക്ഷേ ഇതുവരെയുള്ള നിയമമനുസരിച്ച് 21 വയസ്സുവരെയുള്ള ആളുകളെ ബോർസ്റ്റൽ സ്കൂളിലേക്കാണ് അയയ്ക്കാറുള്ളത്. എന്റെ

*Submission*

നിയോജകമണ്ഡലത്തിലാണ് അങ്ങ് ചൂണ്ടിക്കാണിച്ചിട്ടുള്ള 13 വയസ്സുള്ള ഒരു പെൺകുട്ടി മുന്നുനാല് സുഹൃത്തുക്കളുമായി ചേർന്ന് ഒരു പ്രായം ചെന്ന മനുഷ്യനെ (Grandfather) കൊലപ്പെടുത്തിയത്. അന്നും ധാരാളം ആളുകൾ/പൊതുജനങ്ങൾ ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളതാണ്. ജയിൽ ചട്ടങ്ങൾ അനുസരിച്ച് 18 വയസ്സുമുതൽ 21 വയസ്സുവരെയുള്ള ആളുകൾ പ്രതികളായി വന്നാൽ അവരെ ബോർസ്റ്റൽ സ്കൂളിലേക്ക് അയയ്ക്കുക എന്നുള്ളതാണ് നിലവിലുള്ള നിയമം. അതുകൊണ്ടാണ് ബോർസ്റ്റൽ സ്കൂളിലേക്ക് അയച്ചത്. അത് മാറ്റണമെങ്കിൽ നമുക്കെല്ലാവർക്കുംകൂടി ഗൗരവമായി ആലോചിക്കാവുന്നതാണ്. അങ്കമാലി, ആലുവ കോടതികളാണ് പ്രതികളെ ബോർസ്റ്റൽ സ്കൂളിലേക്ക് അയച്ചത്. അത് കോടതികളുടെ തെറ്റല്ല; നിലനിൽക്കുന്ന നിയമമതാണ്. ബ്ലഡ് സാമ്പിൾ എടുക്കുക എന്നത് ഒരു സാധാരണ നടപടിയാണ്. ഇതൊന്നും അറിയാൻ പാടില്ലാത്ത ചില മാധ്യമങ്ങൾ ഇങ്ങനെ വെറുതെ വാർത്തകളുണ്ടാക്കുകയാണ്. ഏതായാലും ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. പരമാവധി ശിക്ഷ ഒന്നാം പ്രതിയടക്കമുള്ള കുറ്റക്കാർക്ക് വാങ്ങിക്കൊടുക്കാനുള്ള എല്ലാ നിയമനടപടിയും

*Submission*

സ്വീകരിക്കും. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ദയവായി അഭ്യൂഹങ്ങൾ പ്രചരിപ്പിക്കരുത്. മാത്രമല്ല, എന്ത് വർഗീയമായ..... ആരാണ് ഇതൊക്കെ എഴുതുന്നതെന്ന് ഞാൻ പറയുന്നില്ല. ഒരു അപകടമുണ്ടായാൽ കേരളത്തിൽ ഉടൻതന്നെ വർഗീയമായ പ്രചാരണങ്ങൾ ഫേസ്ബുക്കിലിടുക, പ്രചാരണം നടത്തുക ഇതൊക്കെ മനുഷ്യത്വരഹിതമായ കാര്യമാണ്. ഈ മൂന്ന് കുഞ്ഞുങ്ങളും മരിച്ചതിൽ എല്ലാവരും വേദനിച്ച് കഴിയുമ്പോഴാണ് വർഗീയമായ പ്രചാരണങ്ങൾ നടത്തുന്നത്; ഇതൊക്കെ വളരെ തെറ്റായ കാര്യമാണ്.

'ഓപ്പറേഷൻ തുഫാൻ' ആരംഭിച്ചുതന്നെ ഇത്തരം നടപടികളുടെ ഭാഗമായിട്ടാണ്. കാരണം മദ്യപിച്ചും മയക്കുമരുന്നുപയോഗിച്ചും വാഹനമോടിക്കുക, മിഡിൽ ഈസ്റ്റിൽ ആരും മദ്യപിച്ച് വാഹനമോടിക്കില്ല. മദ്യപിച്ചാൽ അയാൾ വാഹനം ഓടിക്കാതെ മാറിയിരിക്കും. നമ്മളെല്ലാം ഇത് വാർത്തകളിൽ വായിക്കാറുണ്ട്. കേരളത്തിൽ മദ്യപിച്ച് വാഹനമോടിക്കുന്നത് ഒരു ഏർപ്പാടായി മാറിയിട്ടുണ്ട്. അത് അവസാനിപ്പിക്കാനുള്ള ശക്തമായ നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അങ്ങയിലൂടെ ഞാൻ

*Submission*

ഉറപ്പുനൽകുന്നു. ഈ പ്രതിക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. മരിച്ച രണ്ട് കുട്ടികളുടെ ബന്ധുക്കളുമായി ഇന്നലെ ഞാൻ സംസാരിച്ചു. ഞാനവരോട് ഈ കാര്യങ്ങളൊക്കെ പറഞ്ഞു. ഞങ്ങൾക്ക് സർക്കാരിൽ വിശ്വാസമുണ്ടെന്നാണ് അവരെന്നോട് പറഞ്ഞത്. തീർച്ചയായും ഈ കാര്യത്തിൽ നടപടി സ്വീകരിക്കുമെന്ന് ഞാൻ പറയുന്നു. ശ്രീ. അൻവർ സാദത്ത് എം.എൽ.എ.-യും ഇന്നലെ എന്നോടൊപ്പമുണ്ടായിരുന്നു. ഞങ്ങൾ ആ രണ്ട് കുടുംബാംഗങ്ങളുമായും സംസാരിച്ചിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചുവെന്ന വിവരം അവർ എന്നോട് പറഞ്ഞു. ഇക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകും. കുറ്റക്കാർക്ക് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാനുള്ള നടപടിയുണ്ടാകുമെന്ന് അങ്ങയിലൂടെ ഈ സഭയ്ക്ക് ഞാൻ ഉറപ്പുനൽകുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യം വളരെ ശരിയാണ്. കാരണം ഇത്തരം ഒരു സംഭവത്തെ വർഗീയമായി കാണാൻ പാടില്ല. വർഗീയമായി സമീപിച്ച് അങ്ങേയറ്റം വൃത്തികെട്ട പ്രചാരണം നടത്തിയവരുണ്ട്. അത് നമുക്ക്

പൂർണ്ണമായി തന്നെ അപലപിക്കുന്ന നിലയെടുക്കണം. അങ്ങയുടെ വാക്കിൽക്കൂടി തന്നെ അത് വന്നാൽ ഏറ്റവും നന്നായിരിക്കുമെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: ഈ പറഞ്ഞത് കറക്ടാണ്. ഓരോ പ്രദേശത്തും ഓരോ സംഭവങ്ങളുണ്ടാകും. സംഭവത്തിന്റെ രണ്ടുവശത്തും ആളുമുണ്ടാകും. അവർക്കൊക്കെ ജാതിയും മതവുമുണ്ടാകും. പക്ഷേ ഈ സംഭവങ്ങളെല്ലാം വർഗീയാടിസ്ഥാനത്തിലാണെന്ന് പറഞ്ഞാൽ നമ്മുടെ കേരളത്തിൽ നമുക്ക് ഒരു കാര്യവും ചെയ്യാൻ കഴിയാത്ത രൂപത്തിലേക്കുപോകും. അതുകൊണ്ട് ഇത് ദൗർഭാഗ്യകരമാണ്. ഒരു കാരണവശാലും അതുപോലുള്ള നടപടികൾ പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. മനുഷ്യസമൂഹത്തിന്റെ സംസ്കാരത്തിന് വിരുദ്ധമായ രൂപത്തിലുള്ള നടപടിയെടുത്ത ആളുകളെ ഈ സഭ അപലപിക്കുന്നുവെന്നുള്ളതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

## 2. കണിയാപുരം റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. ജി. ആർ. അനിൽ: സർ, തീരദേശമേഖലയിലെ ജനങ്ങൾക്ക് ദേശീയപാത 66-മായി ബന്ധപ്പെടുന്നതിനുള്ള പ്രധാന പാതയാണ് കണിയാപുരം-കഠിനംകുളം റോഡ്. കണിയാപുരം റെയിൽവേ ലെവൽ

*Submission*

ക്രോസ് അടയ്ക്കുന്ന സമയങ്ങളിൽ ഇവിടെ കിലോമീറ്ററോളം നീളുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പതിവാണ്. ഇത് പ്രദേശവാസികൾക്കും യാത്രക്കാർക്കും വലിയ ബുദ്ധിമുട്ടാണ് സൃഷ്ടിക്കുന്നത്. ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. RITES തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം 547.70 മീറ്റർ നീളവും 10.2 മീറ്റർ വീതിയുമുള്ള മേൽപ്പാലത്തിന് 48.74 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് 07-02-2026-ൽ ആറിലൊന്ന് വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിരുകല്ലിടൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റെയിൽവേയുടെ അന്തിമ GAD അനുമതിയും 28-05-2026-ന് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്ഥലമെടുപ്പ് തഹസിൽദാർ ആവശ്യപ്പെട്ടിട്ടുള്ള കണ്ടിജൻസി തുക കിഫ്ബിയിൽനിന്നും ലഭ്യമാക്കാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതുമൂലം എല്ലാ പ്രാഥമിക നടപടികളും പൂർത്തിയാക്കുന്ന ഘട്ടത്തിലെത്തിയ പദ്ധതി വീണ്ടും അനിശ്ചിതത്വത്തിൽ ആയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനാവശ്യമായ കണ്ടിജൻസി

*Submission*

തുക കിഫ്ബിയിൽനിന്നും അനുവദിക്കുന്നതിനും സമയബന്ധിതമായി പദ്ധതി ആരംഭിക്കാനും ആവശ്യമായ നടപടികൾ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഈ വിഷയം വിശദീകരിക്കുമ്പോൾ ഈ സർക്കാർ വന്നതിനുശേഷം തടസ്സപ്പെടുത്തിയതാണ് ഈ വർക്ക് എന്നൊരു തെറ്റിദ്ധാരണ എല്ലാവരിലുമുണ്ടാകും. കിഫ്ബി ആരംഭിച്ച കാലത്ത് 2018-19-ലെ ബജറ്റിലുൾപ്പെടുത്തിയിരിക്കുന്ന വർക്കാണിത്. എന്നാൽ 7 വർഷം കഴിഞ്ഞ് 30-06-2025-ലാണ് അതിന്റെ ഡി.പി.ആർ. നൽകിയിരിക്കുന്നത്. അതുപോലൊരു വർക്ക് എന്റെ നിയോജകമണ്ഡലത്തിലുമുണ്ട്. കിഫ്ബിയുടെ കാലത്ത് ആദ്യം നൽകിയ ആ വർക്കിന് ഇപ്പോഴത്തെ ഗവൺമെന്റ് വന്നതിനുശേഷമാണ് എ.എസ്. നൽകിയത്. സ്ഥലമേറ്റെടുത്തിട്ട് 3 വർഷമായി. അനാവശ്യ കാലതാമസമാണുണ്ടാകുന്നത്. ഒരു പ്രത്യേക വിഷയം മാത്രമായിട്ടല്ല ഞാൻ പറയുന്നത്, മൊത്തത്തിൽ പറയുകയാണ്. ഈ നടപടിക്രമങ്ങളെല്ലാം ഒരു വർഷംകൊണ്ട് പൂർത്തിയാകേണ്ടതാണ്. ആ ഒരു വർഷംകൊണ്ട്

*Submission*

പൂർത്തിയാക്കിയിരുന്നെങ്കിൽ ഇപ്പോഴത്തെ ബജറ്റിന്റെ പകുതി തുകയാകുമായിരുന്നില്ല. എ.എസ്.-ഉം ടി.എസ്.-ഉം കൊടുക്കുന്നതിലും സ്ഥലം അക്വയർ ചെയ്യുന്നതിലുമുള്ള അനാവശ്യ കാലതാമസം കാരണം 7 വർഷം മുതൽ 10 വർഷം വരെയാണ് വർക്കിനായി പോകുന്നത്. എത്ര കോടി രൂപയാണ് എക്സ്ചെക്കറിൽനിന്നും ലീക്കേജുണ്ടാകുന്നത്. പ്രോജക്ട് ഇംപ്ലിമെന്റേഷനാണ് സംസ്ഥാനത്തെ ഖജനാവിനെ കാലിയാക്കുന്നത്. അങ്ങ് ഇവിടെ അവതരിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. സ്ഥലമേറ്റെടുപ്പിന് 50 ലക്ഷം രൂപ അനുവദിക്കാനായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇപ്പോഴാണ് കത്ത് നൽകിയിരിക്കുന്നത്. അതിൽ എത്രയുംപെട്ടെന്ന് നടപടി സ്വീകരിക്കും. ആ വർക്ക് നഷ്ടപ്പെടുത്തില്ല; ബാക്കിയെല്ലാം പ്രോജക്ടായിരിക്കുകയാണ്. അതിനുവേണ്ടിയുള്ള നടപടികൾ തീർച്ചയായും സർക്കാർ സ്വീകരിക്കും.

കേരളത്തിൽ രണ്ടുവർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ട വർക്ക് പത്തുവർഷം കൊണ്ടാണ് പൂർത്തിയാക്കുന്നതെന്ന് നാം അറിയേണ്ടതാണ്. 100 കോടി രൂപയുടെ പദ്ധതിക്ക് അപ്പോഴേക്കും 1000 കോടി രൂപയാകും. ആർക്കും അക്കൗണ്ടബിലിറ്റിയില്ല. കോൺട്രാക്ടർ ആർബിട്രേഷന് പോയി

*Submission*

വേറെ കാശ്ശും വാങ്ങി പോകുന്ന രീതിയാണ് നടന്നുകൊണ്ടിരിക്കുന്നത്. സർക്കാർ ഇക്കാര്യം ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പ്രോജക്റ്റ് ഇംപ്ലിമെന്റേഷന് കൃത്യമായ ഒരു പ്രോട്ടോക്കോൾ കേരളത്തിലുണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അങ്ങയുടെ വിഷയം തീർച്ചയായും പരിഹരിക്കും.

3. <u>വിശ്വകർമ്മജരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>:സർ, കേരളത്തിന്റെ പാരമ്പര്യതച്ചുശാസ്ത്രത്തിന്റെയും ശില്പവിദ്യയുടെയും ലോകവിദ്യയുടെയും പാരമ്പര്യം തലമുറകളായി കാത്തുസൂക്ഷിച്ചുവരുന്ന വിശ്വകർമ്മ സമുദായം ഇന്ന് ഗുരുതരമായ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുകയാണ്. ഈ അവസ്ഥ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആധുനിക സാങ്കേതികവിദ്യയുടെയും അന്യസംസ്ഥാന തൊഴിലാളികളുടെ കടന്നുവരവിന്റെയും ഫലമായി പരമ്പരാഗത തൊഴിൽ മേഖലയിൽ വലിയ തൊഴിൽ നഷ്ടമാണ് ഈ വിഭാഗം നേരിടുന്നത്. വിശ്വകർമ്മ സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിച്ച് പരിഹാരങ്ങൾ നിർദേശിക്കുന്നതിനായി ഡോ. പി. എൻ. ശങ്കരൻ

*Submission*

കമ്മീഷൻ രൂപീകരിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും റിപ്പോർട്ട് പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയോ അതിലെ പ്രധാന ശിപാർശകൾ നടപ്പാക്കുകയോ ചെയ്തിട്ടില്ലെന്നത് ഗൗരവമായി കാണേണ്ട വിഷയമാണ്. വിശ്വകർമ്മജരുടെ പി.എസ്.സി. സംവരണം പുനഃക്രമീകരിക്കുക, ദേവസ്വം ബോർഡുകളിൽ പ്രാതിനിധ്യം ഉറപ്പാക്കുക, ഭൂരഹിതർക്ക് ഭൂമി നൽകുക, തൊഴിൽ നഷ്ടപ്പെട്ട പരമ്പരാഗത സ്വർണ്ണപ്പണിക്കാരെ ബാങ്ക് അപ്രൈസർമാരായി പരിഗണിക്കുക, ആർട്ടിസാൻമാർക്ക് പ്രത്യേക പാക്കേജ് അനുവദിക്കുക തുടങ്ങിയ ശിപാർശകൾ അടിയന്തരമായി പരിഹരിക്കണം. അതോടൊപ്പം കേരള ആർട്ടിസാൻസ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും വിശ്വകർമ്മ വിഭാഗത്തിൽനിന്നും ഒരാളെ അതിന്റെ ചെയർപേഴ്സണായി നിയമിക്കുകയും വേണം. വിശ്വകർമ്മജരുടെ പരമ്പരാഗത തൊഴിൽ സംരക്ഷിക്കുന്നതിനും പുതിയ തലമുറയ്ക്ക് പരിശീലനം നൽകുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. വിശ്വകർമ്മ സമുദായങ്ങളുടെ പ്രധാന ആവശ്യങ്ങളിലൊന്നായ, സെപ്റ്റംബർ 17 വിശ്വകർമ്മ ദിനം നിയന്ത്രിത അവധിയിൽനിന്നും മാറ്റി പൂർണ്ണ പൊതുഅവധിയായി പ്രഖ്യാപിക്കുന്ന

*Submission*

കാര്യവും സർക്കാർ പരിഗണിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു. ഈ വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് വിശ്വകർമ്മ സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികവും തൊഴിൽപരമായ ഉന്നമനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. സംഘടിത ശബ്ദങ്ങൾ മാത്രമല്ല, ഒറ്റപ്പെട്ട ശബ്ദങ്ങളും കേൾക്കാൻ മനസ്സുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പാവപ്പെട്ട സമുദായത്തിന്റെ ശബ്ദംകൂടി കേൾക്കണമെന്ന് വിനയത്തോടുകൂടി അഭ്യർഥിക്കുകയാണ്

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ പിന്നോക്കവിഭാഗ പട്ടികയിൽ ഒ.ബി.സി. സീരിയൽ നമ്പർ 30-ൽ ഉൾപ്പെട്ട സമുദായമാണ് വിശ്വകർമ്മ. 23 ഉപവിഭാഗങ്ങൾ അടങ്ങിയ പാരമ്പര്യ തൊഴിൽ സമുദായമാണ് വിശ്വകർമ്മജർ. സത്യത്തിൽ ഒരു കാലഘട്ടത്തിൽ രാജകൊട്ടാരങ്ങളിലെ ഗണിതശാസ്ത്രജ്ഞന്മാരും ജ്യോതിഷ പണ്ഡിതരും അതുപോലെ നിർമ്മാണ വിദഗ്ധരും മയന്റെ പിൻഗാമികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന, സമൂഹത്തിൽ വലിയ സ്ഥാനം ഉണ്ടായിരുന്ന ഒരു വലിയ സമുദായമാണിത്. സാമൂഹിക-സാമ്പത്തിക മാറ്റത്തിന്റെ ഫലമായി

*Submission*

വളരെ പുറകിലേക്ക് പിന്തള്ളപ്പെട്ടുപോയ, പരമ്പരാഗത തൊഴിലുകൾ നഷ്ടപ്പെട്ട് സാമ്പത്തികമായി പ്രയാസപ്പെടുന്ന ഒരു സമൂഹമാണിത്. അവർക്കുവേണ്ടി ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഡോ. പി. എൻ. ശങ്കരൻ കമ്മീഷനെ നിയമിക്കുകയും കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ആ റിപ്പോർട്ടിലെ കുറച്ച് കാര്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ട്. പക്ഷേ പൂർണ്ണമായും ആ റിപ്പോർട്ട് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇന്നത്തെ സാഹചര്യംകൂടി കണക്കിലെടുത്ത് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗത്തിനുവേണ്ടി ഗവൺമെന്റിന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഡോ. പി. എൻ. ശങ്കരൻ കമ്മീഷന്റെ ശിപാർശപ്രകാരം നിലവിൽ അവർക്ക് 2000 രൂപ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽ, സഹകരണം, റവന്യൂ, വ്യവസായം എന്നീ വകുപ്പുകൾക്ക് ചില നടപടികൾ സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാർ സർവീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ രണ്ടും ഇതര

*Submission*

തസ്തികകളിൽ മൂന്നും ശതമാനം സംവരണം വിശ്വകർമ്മ വിഭാഗത്തിന് ഇപ്പോൾ അനുവദിച്ചുവരുന്നുണ്ട്. പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലും ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകളിലും എം.ടെക് കോഴ്സുകളിലും രണ്ട് ശതമാനം സംവരണം അനുവദിക്കുന്നുണ്ട്. ബാക്കി കാര്യങ്ങൾ സർക്കാർ പരിശോധിക്കുന്നുണ്ട്. ടൂൾകിറ്റ് ഗ്രാന്റ് പദ്ധതിയിലൂടെ ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിന് 20,000 രൂപ വരെ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിലെയും മറ്റ് സംവരണ-സംവരണേതര വിഭാഗങ്ങളിലെയും സംവരണതോതിനെ എങ്ങനെ ബാധിക്കുമെന്ന് അറിയാത്തതുകൊണ്ട് സംവരണ വിഹിതം പുനഃക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. മറ്റ് വിഭാഗങ്ങളെ ബാധിക്കാത്ത വിധത്തിൽ അതിനെക്കുറിച്ച് പരിശോധിക്കണം. ദേവസ്വം ബോർഡുകളിൽ അംഗങ്ങളെ നിയമിക്കുന്നതിൽ നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിന് മാത്രമാണ് സംവരണം വ്യവസ്ഥ ചെയ്തിട്ടുള്ളത്.

14-10-2026

*Submission*

വിശ്വകർമ്മജർക്ക് അവരുടെ ഉൽപന്നങ്ങൾ നിർമ്മിച്ച് പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മാന്നാറിൽ ഒരു ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ), പരമ്പരാഗത സ്വർണ്ണപ്പണിക്കാർക്കുള്ള ഗോൾഡ് അപ്രൈസർ പരിശീലന പദ്ധതി, ആർട്ടിസാൻമാർക്ക് തൊഴിൽ ദിനങ്ങൾ ലഭ്യമാക്കൽ, പരമ്പരാഗത തടിപ്പണിക്കാർക്ക് സൗജന്യ ടൂൾകിറ്റ് വിതരണം, തെങ്ങിൻ തടിയിലുള്ള ഫർണിച്ചർ നിർമ്മാണ പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. മുൻ വർഷങ്ങളിലെല്ലാം വിശ്വകർമ്മ ദിനത്തിന് നിയന്ത്രിത അവധി സർക്കാർ പ്രഖ്യാപിച്ചുവരുന്നുണ്ട്. 2027-ലും പ്രസ്തുത ദിവസം നിയന്ത്രിത അവധി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അവർക്ക് കുറേ ഡിമാന്റുകളുണ്ട്, ഡോ. പി. എൻ. ശങ്കരൻ കമ്മീഷന്റെ

റിപ്പോർട്ടുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ കൂടുതൽ കാര്യങ്ങൾ ആ സമുദായത്തിനുവേണ്ടി ചെയ്യുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

4. ഒറ്റപ്പാലം മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

ശ്രീ. കെ. പ്രേംകുമാർ: സർ, താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നാണ് സബ്മിഷന്റെ ഭാഗമായി ഉന്നയിക്കുന്നത്. കോടതി, ജയിൽ, താലൂക്ക് ആശുപത്രി, നിരവധി ആരാധനാലയങ്ങൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ്, മിനി സിവിൽ സ്റ്റേഷൻ, റവന്യൂ ഡിവിഷണൽ ഓഫീസ് എന്നിവയെല്ലാം സ്ഥിതി ചെയ്യുന്ന വള്ളുവനാടിന്റെ തന്നെ ഒരു സാംസ്കാരിക കേന്ദ്രം എന്നറിയപ്പെടുന്ന സ്ഥലം കൂടിയാണ് ഒറ്റപ്പാലം. നിലവിൽ അവിടെ ഒരു ഫയർ സ്റ്റേഷൻ ഇല്ലെന്നുള്ളത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ്. ഈ ആവശ്യം നേരത്തെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. തൊട്ടടുത്തുള്ള ഫോറസ്റ്റ് ലാൻഡിൽ

14-10-2026

*Submission*

എല്ലാ വർഷവും നിരവധി തവണ തീപിടിത്തമുണ്ടാകുന്നത് സ്വാഭാവികമായും നാട്ടിലെ ആളുകൾക്ക് വലിയ പ്രയാസമുണ്ടാക്കുന്നുണ്ട്. അത്തരം ദുരന്തങ്ങൾ, വാഹനാപകടങ്ങൾ, വ്യത്യസ്തമാർന്ന പ്രകൃതിദുരന്തങ്ങൾ എല്ലാം ഉണ്ടാകുന്ന സന്ദർഭത്തിൽ ഫയർ സ്റ്റേഷൻ ഇല്ലാത്തതിന്റെ ഭാഗമായിട്ടുള്ള വലിയ പ്രയാസം അനുഭവിക്കുകയാണ്. ദുരന്തങ്ങൾക്കുശേഷം പഴയ രീതിയിലേയ്ക്ക് നാടിനെ തിരിച്ച് കൊണ്ടുവരാനുള്ള വിഭവശേഷി പലപ്പോഴും ഇല്ലെന്നുള്ള പ്രശ്നവുമുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിന്റെ ഭാഗമായി ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കണം. അവിടെ കഴിഞ്ഞ സർക്കാർ ബജറ്റിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഒരു താമരകുളമുണ്ട്. അതിനോടനുബന്ധിച്ചുള്ള സ്ഥലം ഫയർസ്റ്റേഷൻ അനുവദിക്കാൻ മതിയാകുമെന്നാണ് നേരത്തെ പറഞ്ഞിരുന്നതാണ്. ഏതെങ്കിലും നിലയിൽ പ്രയാസമുണ്ടെങ്കിൽ സ്വകാര്യ വ്യക്തികൾ സ്ഥലം സൗജന്യമായി നൽകാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ഒറ്റപ്പാലം ബസ് സ്റ്റാൻഡിൽ തന്നെ ഫയർസ്റ്റേഷന്റെ ഭാഗമായിട്ടുള്ള വാഹനങ്ങൾ നിർത്താനുള്ള

*Submission*

സൗകര്യങ്ങളും ഒരുക്കാവുന്നതാണ്. അവിടെയുള്ള ജലസ്രോതസ്സുകളിൽനിന്നും ഫയർ സ്റ്റേഷന്റെ പ്രവർത്തനത്തിനാവശ്യമായ ജലം വേഗത്തിൽ ലഭ്യമാക്കാനുമുള്ള സ്ഥിതിയുണ്ട്. ഇതിനാവശ്യമായ അനുമതി അങ്ങ് എത്രയും പെട്ടെന്ന് അനുവദിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ വളരെ വിനയത്തോടുകൂടി ഉന്നയിക്കുന്നത്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ശ്രീ. കെ. പ്രേംകുമാർ, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചത്. അദ്ദേഹം പറഞ്ഞത് ശരിയാണ്, പല കാരണങ്ങൾകൊണ്ടും ഒറ്റപ്പാലം ചരിത്രപ്രാധാന്യമർഹിക്കുന്ന സ്ഥലംതന്നെയാണ്. പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി 2019-ൽ സർക്കാർ മുൻഗണനാപട്ടികയിൽ ഒറ്റപ്പാലം നിയോജകമണ്ഡലം ഉൾപ്പെട്ടിരുന്നു. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി 1997 മുതൽ ഒറ്റപ്പാലത്ത് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അഗ്നിരക്ഷാ സേവന വകുപ്പ് സ്വീകരിച്ചുവരുന്നു. ഒറ്റപ്പാലം നഗരസഭയിൽ

*Submission*

താമരക്കുളത്തിനുസമീപം സ്ഥിതിചെയ്യുന്ന 23.3 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി പരിഗണിക്കാവുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒറ്റപ്പാലം താമരക്കുളത്തിനുസമീപം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് 2026-27-ലെ പുതുക്കിയ ബജറ്റിൽ അനുബന്ധം (II) വാല്യം (II)-ൽ ഒരു കോടി രൂപ അടങ്കലും 500 രൂപ ടോക്കൺ പ്രൊവിഷനുമായി ഉയർത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ അഗ്നിരക്ഷാ സേവന വകുപ്പ് ഡയറക്ടറുടെ കൈയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത പ്രൊപ്പോസൽ വാങ്ങി അത് അനുഭാവപൂർവം പരിഗണിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാൻ ആഗ്രഹിക്കുന്നു.

## (5) KSTP റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതിയും വിജിലൻസ് അന്വേഷണവും

ശ്രീ. എ. കെ. എം. അഷ്റഫ്: മാഡം ഡെപ്യൂട്ടി സ്പീക്കർ, രാജ്യ തലസ്ഥാനം കത്തിയെരിയുന്ന സമരപോരാട്ടം തുടരുന്ന ഈ ഘട്ടത്തിൽ വളരെ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ കശാപ്പുകാരനായ മുഖ്യ

*Submission*

തിരഞ്ഞെടുപ്പ് കമ്മീഷണർ ശ്രീ. ഗ്യാനേഷ് കുമാർ, എത്ര വലിയ തട്ടിപ്പുകാരനാണ്; ലോക ബാങ്ക് ധനസഹായത്തോടെ സംസ്ഥാനം നടപ്പിലാക്കിയ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ (കെ.എസ്.ടി.പി.) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഗുരുതരമായ അഴിമതി ആരോപണങ്ങളാണ് ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ ഉയരുന്നത്. കെ.എസ്.ടി.പി. ഒന്നാംഘട്ട നിർമ്മാണവേളയിൽ, അന്നത്തെ പി.ഡബ്ല്യു.ഡി. സെക്രട്ടറിയായിരുന്ന ശ്രീ. ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിൽ പദ്ധതി കരാറുകളിൽ വലിയതോതിലുള്ള സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശക്തമായ ആരോപണങ്ങൾ ഉയർന്നിരുന്നു. പ്രസ്തുത പദ്ധതിയുടെ കരാർ ഏറ്റെടുത്ത് നടത്തിയിരുന്ന മലേഷ്യൻ കമ്പനിയായ PATI-BEL പ്രോജക്ട് മാനേജർ ലീ സീ ബെൻ ആത്മഹത്യ ചെയ്ത സംഭവം കേരള സമൂഹത്തെ നടുക്കിയ ഒന്നായിരുന്നു. ശ്രീ. ഗ്യാനേഷ് കുമാറിന്റെ നിരന്തരമായ അഴിമതി ആവശ്യങ്ങളും ക്രൂരമായ പീഡനങ്ങളുമാണ് തന്റെ ജീവനെടുക്കലിന് കാരണമെന്ന് വ്യക്തമാക്കുന്ന അദ്ദേഹത്തിന്റെ ആത്മഹത്യാകുറിപ്പ് പുറത്തുവന്നത് വലിയ വിവാദങ്ങൾക്കാണ് വഴിവച്ചത്. പ്രസ്തുത വിഷയത്തിൽ ഉയർന്നുവന്ന

*Submission*

പ്രതിഷേധങ്ങളെ തുടർന്ന് അദ്ദേഹത്തെ തസ്ഥാനത്തുനിന്ന് മാറ്റിയെങ്കിലും ഗുരുതരമായ ആരോപണങ്ങളും വിജിലൻസ് അന്വേഷണവും നേരിട്ടിരുന്ന ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ അന്ന് അർഹിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിൽ വലിയ വീഴ്ചയാണ് സംഭവിച്ചത്. അന്ന് ശ്രീ. ഗ്യാനേഷ് കുമാറിന്റെ അഴിമതികളെ കൃത്യമായി തടയുകയും ശക്തമായ നടപടികൾ സ്വീകരിച്ച് അദ്ദേഹത്തെ പൂട്ടിയിടുകയും ചെയ്തിരുന്നുവെങ്കിൽ പിന്നീട് കേന്ദ്രതലത്തിൽ ഉയർന്ന പദവികളിലെത്താനോ ഇന്നത്തെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലയിൽ വരെ എത്തിപ്പെടാനോ അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. അത്തരമൊരു നടപടി അന്നുണ്ടായിരുന്നെങ്കിൽ ഇന്ന് ഈ രാജ്യത്തെ പതിമൂന്നുകോടി ജനങ്ങളുടെ പേര് വോട്ടർ പട്ടികയിൽനിന്നും വെട്ടിമാറ്റപ്പെടുന്ന ഗുരുതരമായ സാഹചര്യമുണ്ടാകുമായിരുന്നില്ല. ഇന്ന്  ഡൽഹിയിൽ നമ്മുടെ പ്രിയപ്പെട്ട നേതാവ് ശ്രീ. രാഹുൽ ഗാന്ധിയുടെയും ഇന്ത്യാസഖ്യത്തിന്റെയും നേതൃത്വത്തിൽ ശ്രീ. ഗ്യനേഷ് കുമാറിനെതിരെ വലിയ രീതിയിലുള്ള രാഷ്ട്രീയ പ്രക്ഷോഭങ്ങളും ജനകീയ പോരാട്ടങ്ങളും നടന്നുവരുന്ന പശ്ചാത്തലത്തിൽ നമ്മൾ ഈ വിഷയം വീണ്ടും അവതരിപ്പിക്കുവെന്നത് ഈ സഭ

*Submission*

ഗൗരവത്തോടെ കാണേണ്ടതാണ്. പൊതുജനങ്ങളുടെ നികുതിപ്പണം ദുരുപയോഗം ചെയ്യുകയും ഒരു വിദേശ വ്യക്തിയുടെ ജീവനെടുക്കലിലേക്കുവരെ കാര്യങ്ങൾ എത്തിക്കുകയും ചെയ്ത ഈ അഴിമതിയെക്കുറിച്ച് സമഗ്രവും നിഷ്പക്ഷവുമായ ഒരു പുനഃരന്വേഷണം നടത്തേണ്ടത് അത്യാവശ്യമാണ്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി, അദ്ദേഹത്തിനെതിരെ അന്വേഷണം പ്രഖ്യാപിച്ചതിനെ ഞാൻ ഈ സബ്മിഷനിലൂടെ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. ആയതിനാൽ ശ്രീ. ഗ്യാനേഷ് കുമാർ ഉൾപ്പെട്ട ഈ കേസ്സിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേനയുള്ള അന്വേഷണം അടിയന്തരമായി പൂർത്തീകരിക്കാനും പൊതുപണം കവർന്ന ശ്രീ. ഗ്യാനേഷ് കുമാറിനെതിരെ കർശന നിയമനടപടികൾ വളരെ വേഗത്തിൽ സ്വീകരിക്കാനും സർക്കാർ തയ്യാറായാൽ ഇന്ത്യ പ്രാർഥനാപൂർവം കാത്തുനിൽക്കുന്ന ഈ പ്രക്ഷോഭത്തിന് കേരളത്തിന്റെ ഒരു നല്ല മെസേജുകൂടി നൽകാൻ സാധിക്കുമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ സബ്മിഷൻ അവസാനിപ്പിക്കുകയാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. ഗ്യാനേഷ് കുമാർ, ഐ.എ.എസ്.

*14-10-2026*

*Submission*

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന കാലയളവിലെ പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണങ്ങൾ നടത്തിയിരുന്നു. കെ.എസ്.ടി.പി.-യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആരോപണങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ 29-12-2006-ൽ ഉത്തരവായതിനെത്തുടർന്ന് VE 01/2007/SIU 1 നമ്പരായി വിജിലൻസ് അന്വേഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത വിജിലൻസ് അന്വേഷണത്തിൽ താഴെപ്പറയുന്ന ആരോപണങ്ങളിലാണ് അന്വേഷണം നടത്തിയത്.

1. കെ.എസ്.ടി.പി. റോഡ് വർക്കുകൾക്കായി തിരഞ്ഞെടുത്തിരുന്ന കമ്പനികൾക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതൽ ടെൻഡർ തുകയിൽ കരാറുകൾ അനുവദിച്ചതിലൂടെ സർക്കാരിന് 700 കോടി രൂപയുടെ നഷ്ടം സംഭവിച്ചു.

2. ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനും തയ്യാറാക്കിയ എസ്റ്റിമേറ്റ് 187 കോടി രൂപയായിരുന്നെങ്കിലും ഈ ആവശ്യത്തിന് 323 കോടി രൂപ ചെലവഴിച്ചു.

*14-10-2026*

*Submission*

3. 2004-ലെ സി.ആൻഡ്എ.ജി. റിപ്പോർട്ട് പ്രകാരം വർധിപ്പിച്ച ടെൻഡർ തുകയിൽ കരാറുകൾ അനുവദിച്ചതിലൂടെ സർക്കാരിന് 84 കോടി രൂപയുടെ നഷ്ടമുണ്ടായി.

4. നാറ്റ്പാക്, സെസ്സ് തുടങ്ങിയ സംസ്ഥാനതല കൺസൾട്ടിങ് ഏജൻസികൾക്ക് പകരമായി കെ.എസ്.ടി.പി. ഒരു വിദേശ കൺസൾട്ടൻസി സ്ഥാപനത്തിന്റെ സേവനം ഏർപ്പെടുത്തി. ഈ കൺസൾട്ടൻസിക്ക് 50 കോടി രൂപ പ്രതിഫലമായി നൽകി.

5. കരാറുകളിൽ ഒപ്പുവയ്ക്കുന്നതിനുമുമ്പുതന്നെ സ്ഥാപനങ്ങൾക്ക് മൊബിലൈസേഷൻ തുക അനുവദിച്ചുനൽകി.

6. റോഡ് വികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സ്ഥാപനങ്ങളുടെ ബില്ലുകൾ പാസ്സാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ രണ്ടുകോടി രൂപ ആവശ്യപ്പെട്ടു.

7. സ്ഥാപനങ്ങളിൽ സമർപ്പിച്ച ബില്ലുകൾ ശരിയായി പരിശോധിക്കാതെ പൊതുമരാമത്ത് വകുപ്പ് പാസ്സാക്കിയ തുകകൾ അനുവദിച്ചു നൽകി.

*Submission*

8. മോണിറ്ററിങ് കമ്മിറ്റി പ്രവൃത്തികൾ ശരിയായ രീതിയിൽ നിരീക്ഷിക്കുന്നതിൽ പരാജയപ്പെട്ടു.

മേല്പറഞ്ഞ വിജിലൻസ് അന്വേഷണങ്ങളിലെ ആരോപണങ്ങൾ സ്ഥിതീകരിക്കപ്പെടാത്തതിനാൽ തുടർ നടപടികൾ ആവശ്യമില്ലെന്ന ശിപാർശയോടെ വിജിലൻസ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. 2003-2006 കാലയളവിൽ പൊതുമരാമത്ത് വകുപ്പിന്റെ 76 നിർമ്മാണ പ്രവൃത്തികൾക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാതെ നടത്തിയതായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത VE 01/2008/NRK നമ്പർ വിജിലൻസ് അന്വേഷണത്തിൽ അന്നത്തെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയും കുറ്റാരോപിതനായിരുന്നു. ഈ അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 5 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തു. VE 01/2008/NRK നമ്പർ വിജിലൻസ് അന്വേഷണത്തിലെ ചില ആരോപണങ്ങൾ അധികമായി അന്വേഷിക്കുന്നതിന് VE 25/2008/NRK, VE 26/2008/NRK എന്നിങ്ങനെ രണ്ട് വിജിലൻസ് അന്വേഷണങ്ങൾകൂടി രജിസ്റ്റർ ചെയ്തു. അതിൽ VE 25/2008/NRK എന്ന വിജിലൻസ് അന്വേഷണത്തിൽ മാത്രമാണ് അന്നത്തെ പൊതുമരാമത്ത് വകുപ്പ്

*Submission*

സെക്രട്ടറിയായ ശ്രീ. ഗ്യാനേഷ് കുമാർ ഐ.എ.എസ്. കുറ്റാരോപിതനായിട്ടുള്ളത്. ഈ അന്വേഷണങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്താത്തതിനെത്തുടർന്ന് നടപടികൾ അവസാനിപ്പിച്ചു. അതിനുശേഷം വിജിലൻസ് സർക്കാരിന് റിപ്പോർട്ട് നൽകി. വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് വിജിലൻസ് കേസ്സുകൾകൂടി രജിസ്റ്റർ ചെയ്യുകയും മേല്പറഞ്ഞ 5 കേസ്സുകളിൽ ഉൾപ്പെടെ 8 വിജിലൻസ് കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി Mistake of Fact ആയി 2012-ൽ വിജിലൻസ് കോടതി റിപ്പോർട്ട് ചെയ്യുകയും കോടതി അംഗീകരിക്കുകയും ചെയ്തു.

ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം, മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായ ശ്രീ. ഗ്യാനേഷ് കുമാറിന് നേരിടേണ്ടിവന്ന വിജിലൻസ് അന്വേഷണത്തിൽ ആ കേസ്സുകൾ വേണ്ടരീതിയിൽ പരിശോധിച്ചിട്ടില്ലെന്നും ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ കെ.എസ്.ടി.പി., അങ്കമാലി മുതൽ തിരുവനന്തപുരം വരെയുള്ള എം.സി. റോഡിന്റെ നിർമ്മാണ പ്രവർത്തനം PATI-BEL എന്ന കമ്പനിയെ ഏൽപ്പിച്ച്, ആ മലേഷ്യൻ കമ്പനിയുടെ മേൽനോട്ടത്തിൽ വർക്ക് നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് അതിന്റെ

*Submission*

പ്രോജക്റ്റ് ഓഫീസർ ലീ സീ ബെൻ മലേഷ്യയിൽവച്ച് ആത്മഹത്യ ചെയ്യുന്നത്. അദ്ദേഹത്തിന്റെ ആത്മഹത്യാകുറിപ്പിൽ ശ്രീ. ഗ്യാനേഷ് കുമാറിന്റെ പേര് പരാമർശിക്കപ്പെട്ടിട്ടുണ്ടെന്നുപറഞ്ഞാണ് ശ്രീ. മലയിൻകീഴ് വേണുഗോപാൽ എന്നൊരു പൊതുപ്രവർത്തകൻ എനിക്ക് കത്ത് നൽകിയത്. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച്, കാരണം 20 വർഷംമുമ്പ് നടന്നൊരു സംഭവമാണ്. But crime never dies എന്ന വാക്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. 20 വർഷമല്ല, 30 വർഷം കഴിഞ്ഞാലും ക്രൈം ക്രൈമായി നിലനിൽക്കുന്നു. സുപ്രധാനമായ ലക്ഷ്മണ കേസ് ഏറ്റവും പ്രസക്തമായ ഒന്നാണ്. സമയം കഴിഞ്ഞുപോയി എന്നതുകൊണ്ട് അഴിമതിയോ കുറ്റകൃത്യങ്ങളോ കുറ്റകൃത്യങ്ങളാകാതിരിക്കുന്നില്ല. അതുകൊണ്ടുതന്നെ ആ വസ്തുത കണക്കിലെടുത്ത് എനിക്ക് ലഭിച്ച ഈ പരാതി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. അത് 20 വർഷംമുമ്പ് നടന്ന കേസ്സായാലും അതിന്റെ പരിശോധന നടക്കുകയാണ്. അത് പരിശോധിച്ചശേഷം ഇക്കാര്യത്തിൽ നടപടിയുണ്ടാകും. ഒരു കാര്യം വളരെ വ്യക്തമാണ്. ഇന്ത്യയിലെ ജനങ്ങളെ മുഴുവൻ ആശങ്കയിലാഴ്ത്തിയ ഒരു വ്യക്തിയാണ് ശ്രീ. ഗ്യാനേഷ് കുമാർ എന്ന

*Submission*

കാര്യത്തിൽ ഒരു സംശയവുമില്ല. ലക്ഷക്കണക്കിന് ജനങ്ങളുടെ പേരുകൾ വോട്ടർ പട്ടികയിൽനിന്ന് വെട്ടിമാറ്റുകയും ഗുരുതരമായ തെറ്റുകൾ ചെയ്തതിനെതിരായി ഇന്ത്യയിലുടനീളം അതീവ ഗുരുതരമായ പ്രക്ഷോഭങ്ങൾ നടന്നുവരികയുമാണ്. അത് ഗൗരവത്തിൽ കാണേണ്ട കാര്യമാണ്. ഇത്തരം ഉദ്യോഗസ്ഥന്മാരെ സുപ്രധാനങ്ങളായ ചുമതലകൾ ഏൽപ്പിച്ചാൽ ഗുരുതരമായ സാഹചര്യം ഉണ്ടാകുമെന്നതിന്റെ പ്രത്യക്ഷ ഉദാഹരണമായി നമുക്ക് ഇതിനെ കാണാൻ സാധിക്കും. ജനാധിപത്യവും പാർലമെന്ററി ജനാധിപത്യവും സംരക്ഷിക്കുന്നതിനായി ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടക്കുന്നത് ഏറ്റവും വലിയ പോരാട്ടമാണിത്. അതും ഇതുമായി ബന്ധപ്പെടുത്തുന്നില്ല. പക്ഷേ അദ്ദേഹം ഇന്ത്യയിലെ മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷനായതുകൊണ്ട് ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമെയുള്ളൂ. അന്വേഷണം നിഷ്പക്ഷവും നീതിപൂർവവുമായി നടക്കും. ഇതുമായി ബന്ധപ്പെട്ട് എട്ടോളം വിജിലൻസ് കേസുകളുണ്ട്. ഈ കേസുകളിൽ പുനരന്വേഷണം അനിവാര്യമാണെന്നാണ് കത്ത് ലഭിച്ചിട്ടുള്ളത്. വസ്തുതകളും ഫയലുകളും പരിശോധിച്ചശേഷം ഇക്കാര്യത്തിൽ സർക്കാർ അന്തിമ

തീരുമാനമെടുക്കുമെന്ന് അങ്ങയിലൂടെ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(6) <u>ഇരിഞ്ഞാലക്കുട കാരളം പഞ്ചായത്തിലുണ്ടായ കൊലപാതകം</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ കാരളം പഞ്ചായത്തിലെ ഒന്നാം വാർഡിലെ അരുമ്പിള്ളി വീട്ടിൽ വിജയന്റെ ഭാര്യ സാവിത്രി വീടിനകത്തെ മുറിയിൽ ഇന്നലെ വൈകുന്നേരം കൊലചെയ്യപ്പെട്ടിരിക്കുകയാണ്. വൈകുന്നേരം വീട്ടുകാർ പുറത്തുപോയ സമയത്തായിരുന്നു നാടിനെ നടുക്കിയ ഈ ദാരുണ സംഭവമുണ്ടായത്. കഴുത്ത് ഞെരിച്ച് കൊലപ്പെടുത്തിയ നിലയിൽ വീടിനകത്തെ മുറിയിലാണ് ഇവരെ കണ്ടെത്തിയത്. കൈയിലും കഴുത്തിലുമുണ്ടായിരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു. തെളിവുകൾ നശിപ്പിക്കാൻ മുറിയിൽ മുളകുപൊടി വിതറിയ നിലയിലായിരുന്നു കാണപ്പെട്ടത്. സ്കൂൾ വിട്ട് വീട്ടിലെത്തിയ പേരക്കുട്ടി റിതികയാണ് മൃതദേഹം ആദ്യം കണ്ടത്. ഈ സമയത്ത് ഇളയ മകൻ സുമേഷും ഭാര്യ ഗ്രീഷ്മയും അച്ഛനുമായി ആശുപത്രിയിൽ പോയിരിക്കുകയായിരുന്നു. വീടിന്റെ മുൻഭാഗത്തെ വാതിൽ അടഞ്ഞുകിടക്കുന്നതുകണ്ട് റിതിക വിളിച്ചെങ്കിലും

Submission

പ്രതികരണം ലഭിക്കാത്തതിനാൽ അടുക്കളയുടെ വാതിൽ വഴി അകത്തുകയറിയ സമയത്താണ് മുറിയിലെ കട്ടിലിൽ മരണപ്പെട്ടുകിടക്കുന്ന സാവിത്രിയെ കണ്ടത്. കുട്ടി നിലവിളിച്ചതിനെത്തുടർന്ന് അയൽവാസികൾ ഓടിക്കൂടി പോലീസിനെ അറിച്ചതിനെത്തുടർന്ന് ഉന്നത പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി അന്വേഷണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സാവിത്രി ധരിച്ചിരുന്ന അഞ്ച് വളകളും മോതിരവും മാലയും അടക്കമുള്ള സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. നാടിനെ ഞെട്ടിച്ച ഈ അരുംകൊലയ്ക്ക് കാരണക്കാരായ ആളുകളെ അടിയന്തരമായി കണ്ടെത്തി ശക്തമായ നിയമ നടപടികൾക്ക് മുമ്പിൽ കൊണ്ടുവരണമെന്ന് അഭ്യർഥിക്കുകയാണ്.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മാഡം ഡെപ്യൂട്ടി സ്പീക്കർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിലെ കാരളം പഞ്ചായത്തിലെ അരുമ്പിള്ളി വിജയന്റെ ഭാര്യ 79 വയസ്സുള്ള സാവിത്രി അതിദാരുണമായി കൊല്ലപ്പെട്ടിരിക്കുകയാണ്. ഇത് പകൽ സമയത്ത് നടന്നൊരു കൊലപാതകമായാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ആ വീട്ടിൽ ഭർത്താവും മക്കളും ഇല്ലാതിരുന്ന സമയത്താണ് സാവിത്രിയെ മരിച്ച നിലയിൽ കാണപ്പെട്ടത്. ചെറുമകൾ സ്കൂളിൽനിന്നുവന്ന്

*Submission*

കതക് തുറക്കാൻ ശ്രമിച്ചപ്പോൾ പ്രതികരണമില്ലാത്തതുകൊണ്ട് അയൽവാസികളുമായി ചേർന്ന് വാതിൽ തുറന്ന സമയത്താണ് സാവിത്രി മരിച്ചുകിടക്കുന്നതായി കാണപ്പെടുന്നത്. അവരുടെ ശരീരത്തിലുണ്ടായിരുന്ന സ്വർണ്ണാഭരണങ്ങൾ കളവുപോയതായി കാണപ്പെടുന്നുണ്ട്. പോലീസ് ശക്തമായി അന്വേഷിച്ചുവരികയാണ്. പ്രതികളെ പിടികൂടാനുള്ള എല്ലാ സത്വര നടപടികളും അടിയന്തരമായി സ്വീകരിക്കും. ബഹുമാനപ്പെട്ട ഇരിഞ്ഞാലക്കുട അംഗം തോമസ് ഉണ്ണിയാടൻ ഇവിടെ പ്രകടിപ്പിച്ച വികാരത്തോടെ പൂർണ്ണമായും ഞാൻ യോജിക്കുന്നു. ശക്തമായ നടപടി സ്വീകരിച്ച് കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുമെന്ന് അങ്ങയെ അറിയിക്കുകയാണ്.

## (7) <u>മണിയാർ ജലവൈദ്യുത പദ്ധതി ഏറ്റെടുക്കൽ</u>

<u>ശ്രീ. പഴകുളം മധു</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലത്തിലെ മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി 18-05-1991 മുതൽ 30 വർഷക്കാലമായി സ്വകാര്യ കമ്പനിക്ക് പാട്ടത്തിന് നൽകിയിരിക്കുകയായിരുന്നു. ക്യാപ്റ്റീവ് ബെയിസസിലാണ് കരാർ നൽകിയത്. പദ്ധതി 1994-ൽ കമ്മീഷൻ ചെയ്യുകയും 31-03-1994 മുതൽ

*Submission*

വൈദ്യുതി ഉൽപാദനം ആരംഭിക്കുകയും ചെയ്തു. അതുപ്രകാരം 2024-ൽ സ്വകാര്യ കമ്പനിയിൽനിന്നും കെ.എസ്.ഇ.ബി.എൽ. ഇത് ഏറ്റെടുക്കേണ്ടതായിരുന്നു. എഗ്രിമെന്റുപ്രകാരം എക്സ്പെയറി കഴിഞ്ഞാൽ Structures, machinery and all operating facilities must be returned to KSEBL without any cost/price. കരാർ പുതുക്കുന്നതിനോ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനോ ഒരു വ്യവസ്ഥയും ഈ ബൂട്ട് കരാറിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2012-ലെ small Hydro policy of Government of Kerala-ലെ സബ് ക്ലോസ് ആറ് പ്രകാരം small Hydro Projects such as Maniyar associated which Sabarigiri project are strictly served for development and operation by KSEBL അത് വ്യക്തമായി പറയുന്നുണ്ട്. ഇത് ടേക്ക് ഓവർ ചെയ്താൽ strategic and financial gain സർക്കാരിന് ഉണ്ടാകുന്നതാണ്. പത്ത് വർഷത്തേക്ക് 250 മുതൽ 300 കോടി രൂപ വരെ സംസ്ഥാന സർക്കാരിനും കെ.എസ്.ഇ.ബി.എൽ.-നും ലാഭം ഉണ്ടാക്കാൻ സാധിക്കുന്ന ഒരു പ്രോജക്ടാണിത്. 2026 മാർച്ച് മാസം 14-ാം തീയതി കേരള സർക്കാരിന്റെ ക്യാബിനറ്റ് ചേർന്ന് ഈ പ്രോജക്റ്റ് ഒരുകാരണവശാലും

*Submission*

beyond contractual obligation നീട്ടിക്കൊടുക്കേണ്ടെന്ന് തീരുമാനിച്ചതാണ്. അതെത്തുടർന്ന് സർക്കാർ കെ.എസ്.ഇ.ബി.എൽ.-ന്റെ സി.എം.ഡി.-ക്ക് control assume ചെയ്യാൻ വേണ്ടി ഒരു നിർദേശം നൽകുകയും 29-04-2026 നാലുമണിക്ക് കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ മണിയാർ ജലവൈദ്യുത പദ്ധതി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ അത്ഭുതകരമായ ഒരു സംഭവം അന്ന് രാത്രിയിലുണ്ടായി. 29-04-2026-ൽ നാലഞ്ച് പേർ അടങ്ങുന്നൊരു ഗ്രൂപ്പ് മണിയാർ ജലവൈദ്യുത പദ്ധതിയിൽ പ്രവേശിച്ച് Carborundum Universal Limited-ന്റെ ജീവനക്കാരാണെന്ന് പരിചയപ്പെടുത്തി അവിടെയുണ്ടായിരുന്ന കെ.എസ്.ഇ.ബി.എൽ. ജീവനക്കാരെ പുറത്താക്കി ഗേറ്റ് അടച്ച് അതിന്റെ നിയന്ത്രണം നിയമവിരുദ്ധമായി ഏറ്റെടുത്തു. അതിനുശേഷം ഒരു ഫോർമൽ റിട്ടൺ പരാതി റാന്നി പെരുനാട് പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്തിരുന്നു. ഇതിനെത്തുടർന്ന് മണിയാർ ജലവൈദ്യുത പദ്ധതി പ്രവർത്തിപ്പിച്ചുകൊണ്ടിരുന്ന Carborundum Universal Limited ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. 30 വർഷത്തേക്കുള്ള കരാർ കാലാവധി പൂർത്തീകരിച്ചശേഷം സ്വകാര്യ കമ്പനിക്ക് കേരളത്തിൽ ഒരു

*Submission*

അവകാശവുമില്ലെന്ന് സ്ഥാപിച്ചെടുക്കേണ്ടതിനുപകരം മൂന്നംഗ കമ്മിറ്റിയെ നിയമിക്കുകയാണ് സർക്കാർ ചെയ്തത്. ലാ സെക്രട്ടറി കൺവീനറും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായ മൂന്നംഗ സമിതിയെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ചീഫ് സെക്രട്ടറി ഇതിനകം പവർ വകുപ്പിന് നിർദേശം നൽകി നിങ്ങൾ ഒന്നും ചെയ്യണ്ടെന്നും മൂന്നംഗ സമിതിയുടെ തീരുമാനത്തിനുശേഷം തുടർനടപടി സ്വീകരിച്ചാൽമതിയെന്ന് പറഞ്ഞ് നീട്ടിവയ്ക്കുകയുമാണ് ചെയ്തത്. കേരളത്തിൽ 365 ദിവസവും ചീപ്പസ്റ്റായി വൈദ്യുതി ഉൽപാദനം നടത്താൻ ജലം ലഭ്യമായ ഒരു പൊതുമേഖലാ സ്ഥാപനത്തെ കേരളത്തിന്റെ പൊതു ഖജനാവിനെ കൊള്ളയടിക്കുന്ന, ഒരു സ്വകാര്യ കമ്പനിക്ക് തീറെഴുതിക്കൊടുത്തത് കഴിഞ്ഞ സർക്കാരിന്റെ അഴിമതിയെ മാത്രം ലക്ഷ്യമിട്ടുള്ള തീരുമാനമാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണിത്. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തരമായി ഇടപെട്ട് അനധികൃതമായി കൈവശംവച്ചിരിക്കുന്ന കമ്പനിയെ അവിടെനിന്ന് പുറത്താക്കി നിയന്ത്രണം ഏറ്റെടുത്ത് വൈദ്യുതി ഉൽപാദനം ആരംഭിക്കണം. 12 MW വൈദ്യുതി ഉൽപാദിപ്പിച്ച് 250 മുതൽ

*14-10-2026*

*Submission*

300 കോടി രൂപ വരെ ലാഭമുണ്ടാക്കാൻ സാധിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തെ, കഴിഞ്ഞ സർക്കാരിന്റെ അഴിമതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനം അവസാനിപ്പിച്ച്, ഒരു നിമിഷം പോലും വൈകാതെ മണിയാർ ജലവൈദ്യുത പദ്ധതിയുടെ നിയന്ത്രണം സർക്കാർ ഏറ്റെടുക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, മണിയാർ ചെറുകിട ജലവൈദ്യുത പദ്ധതി 18-01-1991-ലെ സർക്കാർ ഉത്തരവുപ്രകാരം കമ്മീഷനിങ് തീയതി മുതൽ 30 വർഷത്തേക്ക് ബൂട്ട് വ്യവസ്ഥയിൽ M/s Carborundum Universal Limited-ന് അനുവദിച്ചതാണ്. ശബരിഗിരി പദ്ധതിയുടെ ടെയിൽ റേസ് ഉപയോഗപ്പെടുത്തിക്കൊണ്ട് 12 MW സ്ഥാപിതശേഷിയുള്ള കാപ്റ്റീവ് പവർ പ്ലാന്റാണിത്. 18-05-1991-ലെ കരാർ പ്രകാരം 31-12-2024-ൽ കാലാവധി അവസാനിച്ചതോടെ പ്രസ്തുത പദ്ധതി യാതൊരു പ്രതിഫലവും കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന് കൈമാറേണ്ടതായിരുന്നു. 31-12-2024-ന് കാലാവധി അവസാനിച്ച മണിയാർ ജലവൈദ്യുത പദ്ധതിയുടെ ബൂട്ട് (Build-Own-Operate-Transfer) കാലാവധി നീട്ടണമെന്ന M/s.

*14-10-2026*

*Submission*

Carborundum Universal Limited-ന്റെ അഭ്യർഥന 14-03-2026-ൽ സംസ്ഥാന മന്ത്രിസഭ പരിശോധിച്ചെങ്കിലും വ്യക്തമായ തീരുമാനമെടുക്കാതെ, കെ.എസ്.ഇ.ബി.എൽ. പദ്ധതി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നിർദേശം പിൻവലിക്കുകയാണ് ചെയ്തത്. 28-04-2026-ലെ സർക്കാർ നിർദേശപ്രകാരം 29-04-2026-നുതന്നെ കെ.എസ്.ഇ.ബി.എൽ. പദ്ധതി ഏറ്റെടുക്കൽ നടപടിസ്വീകരിച്ചു. എന്നാൽ കമ്പനി ജീവനക്കാർ അതിന് തടസ്സം സൃഷ്ടിക്കുകയും കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. പ്രസ്തുത വിഷയം വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമ വകുപ്പ് സെക്രട്ടറി കൺവീനറായും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഊർജ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി 02-05-2026-ന് സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇക്കാര്യം Carborundum Universal Limited കമ്പനിതന്നെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത സമിതി അന്തിമ തീരുമാനമെടുക്കുന്നതിനുമുമ്പായി കമ്പനിയുടെ വാദം കേൾക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതനുസരിച്ച്

*Submission*

06-10-2026-ൽ ഉന്നതതല സമിതി യോഗം ചേരുകയും കമ്പനി പ്രതിനിധികളെ നേരിൽ കേൾക്കുകയും ചെയ്തു. ഉന്നതതല സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ താൽപര്യം പൂർണ്ണമായും സംരക്ഷിച്ച് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പഴകുളം മധു ഇതിനുമുമ്പും പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുള്ള വൈദ്യുത പദ്ധതി സർക്കാരിന്റെ ഉടമസ്ഥതയിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചും പരിഗണിച്ചുകൊണ്ടും ഉചിതമായ തീരുമാനം കൈക്കൊള്ളും.

(8) <u>പാലക്കാട് ജില്ലയിൽ ജല അതോറിറ്റിയുടെ പുതിയ സെക്ഷൻ ഓഫീസ്</u>

<u>ശ്രീ. രമേശ് പിഷാരടി</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലമായ പാലക്കാട്, ചൂടിന്റെ കാര്യത്തിൽ ഗൾഫ് രാജ്യങ്ങളോട് കിടപിടിക്കുന്നൊരു സ്ഥലമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

*Submission*

സൂചിപ്പിക്കുന്നതുപോലെ, കുറച്ച് ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ മുന്നോട്ടുനീക്കിയില്ലെങ്കിൽ, ഇപ്പോഴുള്ള മഴയുടെ ലഭ്യതക്കുറവും മറ്റുകാരണങ്ങളും കണക്കാക്കുമ്പോൾ വരാൻ പോകുന്ന വേനൽക്കാലത്ത്, വലിയ വരൾച്ചയും കുടിവെള്ളക്ഷാമവുമുണ്ടാകാൻ സാധ്യതയുള്ളൊരു സ്ഥലമാണിത്. സാധ്യത മാത്രമല്ല. മുൻകാല അനുഭവവും അങ്ങനെതന്നെയാണ്. പാലക്കാട് ജല അതോറിറ്റി സെക്ഷന്റെ കീഴിൽ നഗരസഭയും പിരായിരി ഗ്രാമപഞ്ചായത്തും എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടാത്ത മരുതറോഡ്, പുതുശ്ശേരി, കൊടുമ്പ് തുടങ്ങിയ പ്രദേശങ്ങളും ഉൾപ്പെടുന്നുണ്ട്. കാരണം നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല ജല അതോറിറ്റി സെക്ഷനുകൾ വിഭജിച്ചിരിക്കുന്നത്; പാലക്കാട് ജല അതോറിറ്റിയുടെ സെക്ഷനുകീഴിൽ എഴുപത്തയ്യായിരത്തോളം കണക്ഷനുകളും എണ്ണൂറ് കിലോമീറ്ററുകളോളംവരുന്ന വിതരണ ശൃംഖലയുമാണ് നിലവിലുള്ളത്. ജലജീവൻ പദ്ധതി പൂർത്തിയാക്കുന്നതോടുകൂടി നഗരസഭയോടൊപ്പം പറളി ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള ആറ് പഞ്ചായത്തുകളും അധികമായി ഉൾപ്പെടും. അങ്ങനെയാകുമ്പോൾ ഒരു ലക്ഷം കണക്ഷനുകളും ആയിരത്തി ഇരുന്നോളം

*Submission*

കിലോമീറ്റർ വിതരണ ശൃംഖലയുമുണ്ടാകും. അങ്ങനെ വരുമ്പോൾ അവിടെ നിലവിലുള്ള ജീവനക്കാർക്കുമാത്രം കൈകാര്യം ചെയ്യാൻ കഴിയാത്ത സ്ഥിതിയാകും. ഏകദേശം അമ്പത്തയ്യായിരത്തിലധികം സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണ് പിരായിരി. അവിടെ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. നിലവിലെ പാലക്കാട് സെക്ഷൻ വിഭജിച്ച് മുനിസിപ്പാലിറ്റിക്കും പിരായിരിക്കും മാത്രമായി ഒരു സെക്ഷൻ അനുവദിക്കുകയാണെങ്കിൽ വളരെ സൗകര്യപ്രദമായിരിക്കും. അധിക ഫണ്ടോ ബാധ്യതകളോ ഇല്ലാതെ അക്കാര്യം പ്രാവർത്തികമാക്കാൻ കഴിയും. ഞാൻ അവിടെത്തെ ജീവനക്കാരോട് ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു കെട്ടിടവും പര്യാപ്തമായ ജീവനക്കാരെയും ആവശ്യമുണ്ട്. കൽമണ്ഡപം, മൂത്താന്തറ എന്നീ പ്രദേശങ്ങളിലെ ജല അതോറിറ്റിയുടെ കെട്ടിടങ്ങൾ ഇതിനായി ഉപയോഗിക്കാൻ കഴിയും. അങ്ങനെയാകുമ്പോൾ കെട്ടിടം പണിയുകയെന്ന അധിക ചെലവ് ഒഴിവാകും. കൂടാതെ വാട്ടർ അതോറിറ്റിയുടെ പാലക്കാട് പി.എച്ച്. സർക്കിളിനുകീഴിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യസിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുകയാണെങ്കിൽ അവിടെ ജീവനക്കാരെയും നിയമിക്കാൻ

*Submission*

കഴിയും. ഇക്കാര്യങ്ങളെല്ലാം പാലക്കാട് ഡിവിഷനിലെ വാട്ടർ അതോറിറ്റി ജീവനക്കാരുമായി ചർച്ച ചെയ്തിട്ടുണ്ട്. അധിക ബാധ്യതകളൊന്നുമില്ലാതെ പിരായിരിക്കും മുനിസിപ്പാലിക്കും വേണ്ടി മാത്രം ജല അതോറിറ്റിക്ക് പുതുതായി ഒരു സെക്ഷൻ ഓഫീസ് അവിടെ സ്ഥാപിക്കാൻ കഴിയും. സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂല നിലപാട് സ്വീകരിക്കുകയാണെങ്കിൽ അത് നല്ലൊരു തീരുമാനമായിരിക്കും. ഇതിലൂടെ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അത് പ്രാവർത്തികമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): മാഡം ഡെപ്യൂട്ടി സ്പീക്കർ, വാട്ടർ അതോറിറ്റിയുടെ പാലക്കാട് മേഖലയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച വിഷയം വസ്തുതാപരമാണ്. കേരളത്തിലെ ഏറ്റവും കൂടുതൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിലൊന്നാണ് പാലക്കാട് നിയോജകമണ്ഡലം. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പാലക്കാട് മേഖലയിൽ കേരള വാട്ടർ അതോറിറ്റി ജലവിതരണം കൃത്യമായി നടപ്പാക്കേണ്ടത് ഏറ്റവും

*Submission*

അത്യന്താപേക്ഷിതമായ കാര്യമാണ്. അതിനുവേണ്ടി സൗകര്യപ്രദമായൊരു ഓഫീസ് സംവിധാനം ക്രമീകരിച്ച് നൽകണമെന്നാണ് അദ്ദേഹം ഇവിടെ ആവശ്യപ്പെട്ടത്. ഇക്കാര്യം വകുപ്പുതലത്തിൽ പരിശോധിക്കുകയുണ്ടായി. വരാൻ പോകുന്ന രൂക്ഷമായ വരൾച്ചയുടെ സാഹചര്യങ്ങൾ കണക്കിലെടുത്തും പാലക്കാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തും ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതുപ്രകാരം ഇതുമായി ബന്ധപ്പെട്ട ഉന്നതതലയോഗം വിളിച്ചുചേർത്തിരുന്നു. പ്രധാനപ്പെട്ട വിഷയങ്ങളെല്ലാം യോഗത്തിൽ ചർച്ച ചെയ്യുകയും തൃപ്തികരമായ പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് പുനഃസംവിധാനം ചെയ്ത്, പാലക്കാട് കേന്ദ്രമായി പുതിയൊരു സെക്ഷൻ അനുവദിക്കണമെന്ന ആവശ്യവും അദ്ദേഹം ഉന്നയിച്ചിരുന്നു. അക്കാര്യവും വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിനുവേണ്ടി എ.ഇ.ഒ. ഉൾപ്പെടെയുള്ള ഒൻപത് ജീവനക്കാരെ പുനർവിന്യസിച്ചുകൊണ്ട് ഓഫീസ് ക്രമീകരിക്കാൻ കഴിയുമെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനത്തിനായി പാലക്കാട് - കൽമണ്ഡപത്തെ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള കെട്ടിടം ഉപയോഗിക്കാൻ കഴിയും. സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാതെയും

*Submission*

പുതിയ തസ്തികകൾ സൃഷ്ടിക്കാതെയും ഈ ഓഫീസ് ക്രമീകരിക്കാൻ കഴിയുമെന്ന റിപ്പോർട്ട് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, പാലക്കാട് കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നതാണെന്ന് ഈ അവസരത്തിൽ അറിയിക്കുന്നു. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പാലക്കാട് സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള പാലക്കാട് നഗരസഭയും പിരായിരി മേഖല ഭാഗികമായും മരുതറോഡ്, പുതുശ്ശേരി, കൊടുമ്പ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുത്തി ഒരു ക്രമീകരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. 75215 വാട്ടർ കണക്ഷനുകളും 800 കിലോമീറ്ററോളം വിതരണശൃംഖലയും ഡിവിഷണൽ സ്റ്റോറും ഈ സെക്ഷന്റെ നിയന്ത്രണത്തിലാണ് വരുന്നത്. അതുകൊണ്ടുതന്നെ അഡീഷണലായി ഒരു ഓഫീസ് ഇവിടെ ആവശ്യമാണെന്ന കാര്യത്തിൽ തർക്കമില്ല. അത് കണക്കിലെടുത്തുകൊണ്ട് പാലക്കാട് കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) കോന്നി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പുരോഗതി

ശ്രീ. കെ. യു. ജനീഷ് കുമാർ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കോന്നി മെഡിക്കൽ കോളേജിന്റെ തുടർ വികസനം സംബന്ധിച്ചാണ് ഈ

*Uncorrected/Not for publication*

*14-10-2026*

*Submission*

സബ്മിഷൻ. കോന്നി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് 2012-ലാണ് പ്രഖ്യാപനം നടത്തുന്നത്. നിർമ്മാണം ആരംഭിച്ചെങ്കിലും അത് മുടങ്ങിപ്പോകുകയും പിന്നീട് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉപേക്ഷിക്കപ്പെട്ട നിലയിലുമായിരുന്നു. 2020-ൽ  കിഫ്ബിയിൽ നിന്നും 352 കോടി രൂപ അനുവദിക്കുകയും തുടർന്ന് മാസ്റ്റർ പ്ലാൻ തയ്യാറാക്കി നിർമ്മാണപ്രവർത്തനങ്ങൾ പുനഃരാരംഭിച്ചു. ഒ.പി., ഐ.പി. സംവിധാനങ്ങൾ ക്രമീകരിക്കുകയും 2022-ൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം  നേടുകയും ആദ്യ ബാച്ച് അഡ്മിഷൻ ആരംഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നാലാം ബാച്ച് വിദ്യാർഥികൾ അവിടെ പഠിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ നിന്നും അനുവദിച്ച ഫണ്ടുപയോഗിച്ച് ധാരാളം അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട്. ആശുപത്രി ബ്ലോക്ക്, അക്കാഡമിക് ബ്ലോക്ക്, ഹോസ്റ്റലുകൾ, ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യങ്ങൾ, മോർച്ചറി സംവിധാനം തുടങ്ങി മറ്റ് ധാരാളം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എഴുപത് ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. HITES നിർവഹണ ഏജൻസിയായിട്ടുള്ള ഇവയുടെ നിർമ്മാണ

*Submission*

പ്രവർത്തനങ്ങളിൽ മുപ്പത് ശതമാനത്തോളം പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിൽ കരാറുകാർ പ്രവൃത്തി ഉപേക്ഷിച്ച നിലയാണ്. അഞ്ഞൂറിലധികം തൊഴിലാളികൾ കഴിഞ്ഞ കുറേ വർഷങ്ങളായി നിരന്തരം പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ മുപ്പതിൽ താഴെയുള്ള ആളുകൾ മാത്രമാണ് അവിടെയുള്ളത്. അത് അവരുടെ യന്ത്ര സാമഗ്രികൾ സംരക്ഷിക്കുന്നതിന് വേണ്ടിയാണ്. ശേഷിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി തുടങ്ങാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണം. ആശുപത്രിയുടെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ടും ഇതിലുണ്ടായിരുന്നു. കെ.എം.എസ്.സി.എൽ. ആയിരുന്നു ആയതിന്റെ നിർവഹണ ഏജൻസി. ദൗർഭാഗ്യവശാൽ ടി ഏജൻസി ഇപ്പോൾ ഇതുമായി ബന്ധപ്പെട്ടുള്ള ഉപകരണങ്ങൾ ആശുപത്രിയിൽ വിതരണം ചെയ്യുന്നതിനോ അത് സ്ഥാപിക്കുന്നതിനോ തയ്യാറാകുന്നില്ല. മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് വിളിച്ചുചേർക്കുന്ന ഒരു യോഗത്തിൽപ്പോലും കെ.എം.എസ്.സി.എൽ.-ന്റെ പ്രതിനിധികളോ ഡി.എം.ഇ. പ്രതിനിധികളോ എച്ച്.ഡി.എസ്. ഉൾപ്പെടെയുള്ള യോഗങ്ങളിൽ

*Submission*

പങ്കെടുക്കുന്നില്ല. പി.ജി. കോഴ്സ് ആരംഭിക്കണമെന്നതും പ്രധാനമാണ്. കൂടാതെ മെഡിക്കൽ കോളേജിൽ കാർഡിയോളജി, ന്യൂറോളജി, യൂറോളജി ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിലവിൽ പ്രസ്തുത ആശുപത്രിയിൽ നല്ല തിരിക്കുണ്ട്. മതിയായ ജീവനക്കാരില്ലെന്നതും ഒരു വസ്തുതയാണ്. അതുകൊണ്ടുതന്നെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, കോന്നി മെഡിക്കൽ കോളേജിലേക്ക് പോസ്റ്റ് ചെയ്യുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ അവിടെ ജോയിൻ ചെയ്യാതെ വർക്കിങ് അറേഞ്ച്മെന്റ് എന്ന രീതിയിൽ മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്ന പ്രവണത സാധാരണമാണ്. ഇക്കാര്യങ്ങളിലെല്ലാം സർക്കാരിന്റെ ഇടപെടലുണ്ടാകുകയും കോന്നി മെഡിക്കൽ കോളേജിന്റെ തുടർവികസനം വേഗത്തിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ദേവസ്വം വകുപ്പിന്റെ ചുമതലകൂടി വഹിക്കുന്ന മന്ത്രിയാണ്. ശബരിമല തീർത്ഥാടകർക്കുൾപ്പെടെ പ്രസ്തുത മെഡിക്കൽ കോളേജ് ഗുണകരമാകുമെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ട്. അദ്ദേഹം

*Submission*

ജില്ലയിൽ നിരന്തരം സന്ദർശനം നടത്താറുള്ള ഒരു വ്യക്തിയാണ്. കോന്നി മെഡിക്കൽ കോളേജ് സന്ദർശിക്കാൻ വരുമെന്ന് സൂചിപ്പിച്ചിരുന്നു. സമീപ സമയത്തുണ്ടായ തിരക്കുകൊണ്ടാകാം അദ്ദേഹം നാളിതുവരെയും എത്തിയിട്ടില്ല. ഇനി അദ്ദേഹം പത്തനംതിട്ട ജില്ലിയിലെത്തുന്ന ഒരു ദിവസം കോന്നി മെഡിക്കൽ കോളേജ് സന്ദർശിച്ച് ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങളും തുടർ വികസനപദ്ധതികളും ഏകോപിപിച്ച് വേഗത്തിലാക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും സർക്കാരിന്റെ ഭാഗത്തിനിന്നും ഇടപെടലുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, കോന്നി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഒ.പി., ഐ.പി., അത്യാഹിത വിഭാഗങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, രണ്ടാംഘട്ട വികസനത്തിനായി കിഫ്ബി മുഖേന 351.72 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്. രണ്ടാംഘട്ടത്തിൽ ആശുപത്രി ബ്ലോക്ക്, ക്വാർട്ടേഴ്സുകൾ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം

പുരോഗമിക്കുകയാണ്. ഇവയിൽ ടൈപ്പ് എ&സി ക്വാർട്ടേഴ്സ്, ഹോസ്പിറ്റൽ ബ്ലോക്ക് 2, ഓഡിറ്റോറിയം എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ 2027 മാർച്ച് 31-നകം പൂർത്തീകരിക്കുമെന്ന് നിർവഹണ ഏജൻസിയായ HITES ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ഇന്റേണൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കോന്നി മെഡിക്കൽ കോളേജിനെ ആധുനിക ചികിത്സാ-വിദ്യാഭ്യാസ സൗകര്യങ്ങളുള്ള മികച്ച സ്ഥാപനമായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ തുടർന്നുവരികയാണ്. ഇതുസംബന്ധിച്ച വിശദമായ മറുപടി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു+. സഭാസമ്മേളനം അവസാനിച്ചശേഷം സൗകര്യപ്രദമായൊരു ദിവസം കോന്നി മെഡിക്കൽ കോളേജ് നേരിട്ട് സന്ദർശിച്ച് അവിടെത്തെ സ്ഥിതിഗതികൾ വിലയിരുത്തുന്നതാണ്.

## (10) കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആക്സിഡന്റ് ട്രോമാകെയർ സംവിധാനം ആരംഭിക്കാൻ നടപടി

ശ്രീ. ടി. എം. ശശി: സർ, ആലത്തൂർ നിയോജകമണ്ഡലത്തിൽ കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആക്സിഡന്റ് ട്രോമാകെയർ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

*Submission*

യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടാണ് പ്രസ്തുത സബ്മിഷൻ നൽകിയിരിക്കുന്നത്. തൃശ്ശൂർ-പാലക്കാട് ദേശീയപാത 544-നോട് ചേർന്നാണ് കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥിതിചെയ്യുന്നത്. പാലക്കാട് കഴിഞ്ഞാൽ തൃശ്ശൂർ വരെ നാഷണൽ ഹൈവേയുടെ ഭാഗമായി അപകടം നടക്കുമ്പോൾ ഏതെങ്കിലും രീതിയിൽ ചികിത്സ നൽകാനുള്ള സംവിധാനം അവിടെയില്ല. അതുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ നേതൃത്വത്തിൽ അവിടെ ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി തത്വത്തിൽ അംഗീകാരം നൽകിയത്. പാലക്കാട്, തൃശ്ശൂർ എന്നീ സ്ഥലങ്ങൾ തമ്മിൽ ദൂരമുള്ളതുകൊണ്ടുതന്നെ അപകടം നടന്ന ഉടനെ ഒരു ആശുപത്രിയിലെത്തിക്കാൻ സാധിക്കാത്ത സാഹചര്യംമൂലം ചികിത്സ ലഭിക്കേണ്ട golden hour നഷ്ടപ്പെടുന്ന സാഹചര്യമാണ് അവിടെയുള്ളത്. അന്ന് ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സർക്കാർ അന്ന് തന്നെ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തതിന്റെ ഭാഗമായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 51 സെന്റ് സ്ഥലം വാങ്ങി നൽകി അവിടെ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ അവിടേക്ക് റോഡ് പൂർത്തീകരിക്കുകയും ചെയ്തു. സർക്കാർ അന്ന് വിദഗ്ധ ഡോക്ടർമാരെയും

*Submission*

സ്റ്റാഫ് നഴ്സുമാരെയും അനുവദിച്ചുവെന്നാണ് മനസിലാക്കുന്നത്. എന്നാൽ പിന്നീട് അതിന്റെ തുടർനടപടികൾ സ്വീകരിച്ചില്ല. പ്രദേശവാസികളിലും യാത്രക്കാരിലും ഇത് വലിയ ആശങ്കയുണ്ടാക്കുന്നുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലാണ് ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതെങ്കിലും അന്തർസംസ്ഥാന പാതയെന്ന നിലയിൽ പാലക്കാട്, തൃശ്ശൂർ മേഖലയിൽനിന്നും തമിഴ്നാട്ടിൽനിന്നുമൊക്കെയുള്ള യാത്രകളുമായി ബന്ധപ്പെട്ട് അപകടങ്ങളുണ്ടായാൽ അവരുടെ ജീവൻ രക്ഷിക്കുന്നതിന് സൗകര്യമുണ്ടാകുമെന്നതുകൊണ്ടാണ് ട്രോമാകെയർ യൂണിറ്റ് അടിയന്തരമായി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, 2010 ജൂൺ 18-ാം തീയതിയിലുള്ള സർക്കാർ ഉത്തരവുപ്രകാരമാണ് ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയത്.

*Submission*

ആയതിലേക്ക് 3 സ്റ്റാഫ് നഴ്സ്, 5 സ്പെഷ്യാലിറ്റി ഡോക്ടർമാർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുഴൽമന്ദം സാമൂഹിക ആരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഇവിടെ അത്യാഹിത വിഭാഗം, കിടത്തി ചികിത്സ, ഒ.പി. വിഭാഗം എന്നിവ പ്രവർത്തിക്കുന്നുണ്ട്. ദേശീയപാതയോട് ചേർന്നുള്ള ഈ ആശുപത്രിയിൽ പ്രതിദിനം ഏതാണ്ട് 800 രോഗികൾ ഒ.പി. വിഭാഗത്തിലും നിരവധി അപകടബാധിതർ അത്യാഹിത വിഭാഗത്തിലും ചികിത്സ തേടുന്നുണ്ട്. ദിവസേന ശരാശരി 55-ഓളം രോഗികൾ ഒബ്സർവേഷൻ യൂണിറ്റിൽ ചികിത്സയ്ക്കായി വരാറുണ്ട്. ഒരു മാസത്തിൽ കാഷ്വാലിറ്റിയിൽ വരുന്ന രോഗികളിൽ ഏതാണ്ട് 315-ഓളം രോഗികൾ ഗുരുതരമായി പരിക്ക് പറ്റി വരുന്നവരാണ്. 14 മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 52 ജീവനക്കാർ ഈ ആശുപത്രിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് 51 സെന്റ് സ്ഥലം ഏറ്റെടുത്തുനൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലത്തിന് തണ്ണീർതട

*Submission*

സംരക്ഷണ നിയമപ്രകാരം ആവശ്യമായ പരിവർത്തന അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കും. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.+ ബഹുമാനപ്പെട്ട അംഗത്തിന് സൗകര്യമാണെങ്കിൽ അടുത്ത നവംബർ 03-ാംതീയതി ഞാൻ ആശുപത്രി സന്ദർശിക്കുന്നതാണ്.

(11) കാട്ടാന ആക്രമണത്തിൽ തൊഴിലുറപ്പ് തൊഴിലാളി മരണപ്പെട്ടത് സംബന്ധിച്ച്

ശ്രീ. ജ്യോതികുമാർ ചാമക്കാല: സർ, കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലയിൽ പ്രത്യേകിച്ച് പത്തനാപുരം നിയോജകമണ്ഡലത്തിൽ തുടർച്ചയായുണ്ടാകുന്ന വന്യജീവികളുടെ ആക്രമണത്തിൽ മനുഷ്യനാശം കൂടാതെ കൃഷിക്കും വളർത്തുമൃഗങ്ങൾക്കുമുൾപ്പെടെ നാശം സംഭവിക്കുന്ന എന്നതുസംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ മാസം 05-ാം തീയതിയാണ് കടശ്ശേരി, ഉമ്മന്നൂർ പ്രദേശത്ത് രാജമ്മ എന്ന 80 വയസുകാരി തൊഴിലുറപ്പ് ജോലിയുടെ ഭാഗമായി രാവിലെ തൊഴിലുറപ്പ് മസ്റ്ററോളിൽ ഫോട്ടോ എടുത്തശേഷം തൊഴിലിടത്തേയ്ക്ക്

---

+അനുബന്ധമായി ചേർത്തിട്ടുണ്ട്.

*Submission*

നടന്നുപോകുമ്പോഴാണ് കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ തോട്ടം ഉൾപ്പെടുന്ന റോഡിൽ വച്ച് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഏകദേശം 2 മാസംമുമ്പാണ് പിറവന്തൂർ പഞ്ചായത്തിൽ തന്നെ ശാന്ത എന്ന വൃദ്ധയുടെ രണ്ട് ആട്ടിൻ കുട്ടികളെ രണ്ട് ദിവസങ്ങളിലായി പുലി പിടിച്ചത്. പിന്നീട് വനംവകുപ്പ് കൂടുവച്ച് ആ പുലിയെ പിടിച്ചു. കഴിഞ്ഞ ഒക്ടോബറിലാണ് കറവൂർ ചാങ്ങാപ്പാറ എന്ന പ്രദേശത്ത് ഷിബിയുടെ കിണറ്റിൽ പുലി അകപ്പെട്ടത്. പത്തനാപുരം നിയോജകമണ്ഡലത്തിലെ രണ്ട് പഞ്ചായത്തുകളിൽ പത്തനാപുരം, പിറവന്തൂർ പഞ്ചായത്തുകളിൽ തുടർച്ചയായി ആന, പുലി, കാട്ടുപോത്ത്, പന്നി എന്നിവയുടെ ആക്രമണത്തിൽ വളർത്തുമൃഗങ്ങളുടെയും മനുഷ്യന്റെയും ജീവന് നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. രാജമ്മ എന്ന അമ്മ തൊഴിലുറപ്പിനുപോയപ്പോഴാണ് കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടത് എന്നത് ഈ വിഷയത്തിന്റെ ഗൗരവം ഏറെ വർധിപ്പിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ അന്ന് കടശ്ശേരി ഫോറസ്റ്റ് ഓഫീസിലേയ്ക്ക് മാർച്ച് നടത്തുകയും ഞാൻ അവരുമായി സംസാരിക്കുകയും ചെയ്തിരുന്നു. അവർ ഇപ്പോൾ ഇതുമായി

*Submission*

ബന്ധപ്പെട്ട് രാപ്പകൽ സമരം ആരംഭിച്ചിരിക്കുകയാണ്. രാജമ്മ മരണപ്പെട്ടപ്പോൾതന്നെ കുടുംബത്തിന് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ശവസംസ്കാരവുമായി ബന്ധപ്പെട്ട് 10,000/- രൂപയും അടിയന്തര സഹായമെന്ന നിലയിൽ 5 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലെ നിയമമനുസരിച്ച് വനംവകുപ്പിന്റെ ഭാഗത്തുനിന്ന് 10 ലക്ഷം രൂപയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ഭാഗത്തുനിന്ന് 4 ലക്ഷം രൂപയും തൊഴിലുറപ്പിന്റെ ഭാഗമായി 2 ലക്ഷം രൂപയും കുടുംബത്തിന് നഷ്ടപരിഹരമായി ലഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. നഷ്ടപരിഹാരം ഒരു ജീവന് പകരമാകില്ലെങ്കിലും ആ കുടുംബത്തിന്റെ തുടർന്നുള്ള സംരക്ഷണ ചെലവിന്റെ ഭാഗമായി കൂടുതൽ തുക അനുവദിക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും വനംവകുപ്പ് മന്ത്രിയുമായും സംസാരിച്ചിട്ടുണ്ട്. ഈ തുക വർധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. അവിടത്തെ സാധാരണക്കാരായ ജനങ്ങൾ രാപ്പകൽ സമരവുമായി മുന്നോട്ടുപോകുകയാണ്. ഈ കുടുംബത്തിന് നൽകേണ്ട നഷ്ടപരിഹാര തുക വർധിപ്പിക്കണമെന്നുള്ളതാണ് അവരുടെ ആദ്യത്തെ

*Submission*

ആവശ്യം. ആക്രമണകാരിയായ ആന ഈ കൊലപാതകം നടത്തിയതിനുശേഷവും അടുത്ത ദിവസങ്ങളിൽ സാധാരണക്കാരായ നാട്ടുകാർക്ക് നേരെ ആക്രമണത്തിന് മുതിരുന്നുണ്ട്. ഈ ആനയെ പിടികൂടി ജനവാസമേഖലയിൽനിന്ന് നീക്കംചെയ്യണമെന്നതാണ് അവരുടെ രണ്ടാമത്തെ ആവശ്യം. മൂന്നാമത്തേത്, രാജമ്മയുടെ കുടുംബത്തിലെ ഒരു അംഗത്തിന് സർക്കാർ ജോലി നൽകണമെന്നുള്ളതാണ്. കൂടാതെ, വനാതിർത്തിയിലെ സൗരോർജ വേലി മാറ്റി അവിടെ കിടങ്ങ് (Trench) എടുക്കണമെന്നും പ്രദേശവാസികൾ ആവശ്യപ്പെടുന്നുണ്ട്. അതിന് ചില സങ്കേതിക തടസങ്ങൾ വനംവകുപ്പ് പറയുന്നുണ്ടെങ്കിലും പ്രദേശവാസികൾ അത്തരത്തിൽ ഒരു ആവശ്യം മുന്നോട്ടുവച്ചിട്ടുണ്ട്. മറ്റൊന്ന് കടശ്ശേരി ഫോറസ്റ്റ് ഓഫീസിന് കീഴിലാണ് ഈ പ്രദേശം വരുന്നത്. അതുകൊണ്ടുതന്നെ ആ പ്രദേശത്തെ ഫോറസ്റ്റ് ഓഫീസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതാക്കണമെന്നും പ്രവർത്തനം കാര്യക്ഷമമല്ലെന്നും അവിടത്തെ പ്രദേശവാസികൾക്ക് പരാതിയുണ്ട്. ഏറ്റവും അവസാനം വന്ന അവരുടെ ഡിമാൻഡ് മന്ത്രി ആ സ്ഥലം സന്ദർശിക്കണമെന്നാണ്. നിയമസഭാ സമ്മേളനം നടക്കുകയാണെന്ന് അറിയാമെങ്കിലും അദ്ദേഹം

*14-10-2026*

*Submission*

അവിടെ സന്ദർശിക്കണമെന്ന ആവശ്യവും പ്രദേശവാസികൾ മുന്നോട്ടുവയ്ക്കുന്നു. ഈ പ്രദേശത്തോട് ചേർന്നുകിടക്കുന്ന റോഡിന്റെ സൈഡിലുള്ള കാടുകൾ.... അവിടെ വിസ്ത ക്ലിയറൻസ് (Vista Clearance) ഉണ്ടായിരുന്നെങ്കിൽ...... കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പരിധിയിലുള്ള പ്രദേശത്തെ കാടുകൾ നീക്കം ചെയ്യാതിരുന്നത് ഈ അമ്മയുടെ മരണത്തിന് കാരണമായിട്ടുണ്ടെന്ന് പ്രദേശവാസികൾ ചൂണ്ടിക്കാണിക്കുന്നു. ആ പ്രദേശത്ത് റോഡിന്റെ ഇരുവശവുമുള്ള കാടുകൾ നീക്കംചെയ്യുന്നതിന് അടിയന്തര നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുന്നു. ആന റോഡിൽ ഇറങ്ങിയാൽ മറ്റുള്ളവരെ അറിയിക്കുന്നതിന് അവിടെ മൊബൈൽ സംവിധാനത്തിന്റെ അപര്യാപ്തതയുണ്ട്. ബി.എസ്.എൻ.എൽ. ടവർ അവിടെയുണ്ടെങ്കിലും അത് പ്രവർത്തിക്കുന്നില്ലെന്നാണ് പ്രദേശവാസികളുടെ മറ്റൊരു പരാതി. ഇത്തരം പരാതികൾ പരിഹരിച്ചുകൊണ്ട് ഈ പ്രദേശത്ത് ഇനിയും ഒരു നരഹത്യയുണ്ടാകാതിരിക്കാനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് ആ പ്രദേശവാസികളെ സംരക്ഷിക്കുന്നതിനും അവരുടെ ആശങ്ക പരിഹരിക്കുന്നതിനും ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും

*14-10-2026*

# *Submission*

വനം വകുപ്പ് അടിയന്തരമായി ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

*Submission*

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, വളരെ ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഈ മാസം 5-ാം തീയതി ഉണ്ടായത്. ബഹുമാനപ്പെട്ട എം.എൽ.എ. വിശദീകരിച്ചതുപോലെ തൊഴിലുറപ്പ് തൊഴിലാളിയായ 50 വയസ്സുള്ള രാജമ്മ എന്ന അമ്മ മരണപ്പെടുന്ന സാഹചര്യമുണ്ടായി. ഇവർ ഫോട്ടോ എടുത്തതിനുശേഷം ആനയുടെ മുൻപിൽ പെടുകയായിരുന്നു. പലരും പല വഴിയിലേക്ക് ഓടിപ്പോയെങ്കിലും ഈ അമ്മയ്ക്ക് ഓടി രക്ഷപ്പെടാൻ പറ്റാതെ ആനയുടെ കാൽച്ചുവട്ടിൽ വീഴുന്ന സാഹചര്യമാണുണ്ടായത്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിരവധി ആവശ്യങ്ങൾ ബഹുമാനപ്പെട്ട അംഗം ഉന്നയിക്കുകയുണ്ടായി. നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പത്തനാപുരത്ത് ഇതിനോടകം പ്രവർത്തനരഹിതമായ 3.85 കിലോമീറ്റർ സോളാർ ഫെൻസിങ് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കുകയും പത്തനാപുരം നിയോജകമണ്ഡലത്തിൽ വനമേഖലയിലൂടെ കടന്നുപോകുന്ന 18.2 കിലോമീറ്റർ ദൂരം റോഡിന്റെ 10 മീറ്റർ വീതിയിൽ വിസ്റ്റ ക്ലിയറൻസ് നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ

*Submission*

ഭാഗമായി പത്തനാപുരത്തിനുവേണ്ടി ഒരു പ്രത്യേക ആർ.ആർ.ടി. (Rapid Response Team) നൽകുകയും കരവൂർ മേഖലയിൽ സ്പെഷ്യൽ റിസർവ് ഫോഴ്സ് രൂപീകരിക്കുകയും ചെയ്തു. ഈ സംഭവമുണ്ടായ ഉടൻ ചില കാര്യങ്ങൾ പരിശോധിച്ചപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. 2023- ൽ പത്തനാപുരം നിയോജകമണ്ഡലത്തിലെ അതിർത്തിയിലെല്ലാം സോളാർവേലി നിർമ്മിക്കാനുള്ള അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനും നബാർഡിന്റെ ഫണ്ടും ലഭ്യമായിരുന്നു. ഈ പ്രവൃത്തികൾ 27-03-2025-ൽ അവാർഡ് ചെയ്ത് 2026-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. 2023-ലെ പ്രവൃത്തികൾക്ക് 2025-ലാണ് അവാർഡ് ചെയ്തത്. എന്നാൽ, അവിടെ ഇതുവരെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ആരെയും കുറ്റം പറയുന്നതല്ല, നിർഭാഗ്യവശാൽ ഈ മണ്ഡലത്തിലെ ജനപ്രതിനിധി ഒരു മന്ത്രി ആയിരുന്നിട്ടുപോലും അവസ്ഥ ഇതായിരുന്നു, അതിന്റെ ഗൗരവത്തിലുള്ള പ്രവർത്തനം അവിടെ മാത്രമല്ല, എങ്ങും നടന്നതായി കാണുന്നുമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഭാഗമായി ഈ

*Submission*

പ്രവൃത്തികളെല്ലാം ഇപ്പോൾ റീ-ടെൻഡർ ചെയ്തിരിക്കുകയാണ്. സഭ ചർച്ച ചെയ്യേണ്ട ഒരു കാര്യമുണ്ട്; ഈ അടുത്തകാലത്ത് കുറെ പൊതുമേഖലാ സ്ഥാപനങ്ങൾ പി.എം.സി. (PMC - Project Management Consultancy)-കളായി വരികയും പലയിടത്തും പ്രവൃത്തികൾ ഏറ്റെടുക്കുകയും ചെയ്യുന്നു. എന്നാൽ പ്രവൃത്തികൾ നടന്നാലും നടന്നില്ലെങ്കിലും കുഴപ്പമില്ലെന്ന രീതിയിൽ നീട്ടിക്കൊണ്ടുപോകുന്നു. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ വനം വകുപ്പിൽ മാത്രം പരിശോധന നടത്തിയപ്പോൾ 37 മേജർ പ്രവൃത്തികളാണ് ഏതൊക്കെയോ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാതെ പോയത്. അതുകൊണ്ട് ഇക്കാര്യം ഗൗരവമായി പരിഗണിച്ച്, അത്തരത്തിൽ വീഴ്ച വരുത്തുന്നവരെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച വിഷയത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ അനുമതി നൽകിയ ഒരു കാര്യം ഞാനിവിടെ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ധനകാര്യ വകുപ്പിൽനിന്നുള്ള 10 ലക്ഷം രൂപയും എസ്.ഡി.ആർ.എഫ്. (State Disaster Response Fund)-

*Submission*

ൽനിന്നുള്ള 4 ലക്ഷം രൂപയും ചേർത്ത് 14 ലക്ഷം രൂപയാണ് നൽകിക്കൊണ്ടിരുന്നത്. ഈ തുകയുടെ 25 ശതമാനം വർധിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, കൃഷിനാശത്തിന് നൽകിയിരുന്ന നഷ്ടപരിഹാരതുക അവസാനമായി വർധിപ്പിച്ചത് 2015-ലാണ്. കേരളത്തിൽ വ്യാപകമായി കൃഷിനാശം സംഭവിക്കുന്ന സാഹചര്യത്തിൽ 2015-നുശേഷം ഒരു രൂപപോലും വർധിപ്പിച്ചിട്ടില്ല. അതുകൊണ്ട് നിലവിലുള്ള നഷ്ടപരിഹാരതുകയുടെ നൂറ് ശതമാനം വർധിപ്പിക്കാനുള്ള തീരുമാനവും ഇന്നലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിക്കുന്നതടക്കമുള്ള കാര്യങ്ങൾ തീർച്ചയായും ചെയ്യുന്നതാണ്. 2023-ലെ പ്രവൃത്തികൾ 2026 ഒക്ടോബർ മാസം ആയിട്ടും തീരാത്ത അവസ്ഥയാണ്. ഈ രേഖ ഞാൻ നൽകാം. ഇതൊക്കെയാണ് ഇത്തരം അപകടങ്ങൾക്കുള്ള കാരണങ്ങളിലൊന്ന് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. അവിടെ സമരം ചെയ്യുന്നവരെ ബോധ്യപ്പെടുത്തണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

*14-10-2026*

## *Submission*

## (12) <u>പത്താം ക്ലാസ് വരെയുള്ള പഠനം സൗജന്യമാക്കുന്നതിന് നടപടി</u>

<u>ശ്രീ. ടി. പി. അഷ്റഫലി</u>: സർ, നമ്മുടെ രാജ്യത്തിനും ലോകത്തിനുംതന്നെ മാതൃകയായ ഒരു പൊതുവിദ്യാഭ്യാസ സമ്പ്രദായമാണ് കേരളത്തിൽ നിലവിലുള്ളത്. കേരളത്തിന്റെ രൂപീകരണ കാലം മുതൽ ഇങ്ങോട്ടുള്ള കാലഘട്ടങ്ങളിലെല്ലാം നമ്മുടെ വിദ്യാർഥികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ട്. ജോസഫ് മുണ്ടശ്ശേരി, സി. എച്ച്. മുഹമ്മദ് കോയ, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ എന്നിവർ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ട്യൂഷൻ ഫീസ് ഒഴിവാക്കിക്കൊടുത്ത് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വലിയ ഇടപെടലുകൾ നടത്തിയ വിദ്യാഭ്യാസ മന്ത്രിമാരാണ്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രീതി പരിശോധിക്കുമ്പോൾ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് യൂണിഫോമും പാഠപുസ്തകവും ഉച്ചഭക്ഷണവും പൂർണ്ണമായും സൗജന്യമായി നൽകിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസരീതി കാണാൻ കഴിയുന്നുണ്ട്. രാജ്യത്തിനുതന്നെ മാതൃകയായ കേരളത്തിന്റെ ഈ വിദ്യാഭ്യാസരീതിയെ പല സംസ്ഥാനങ്ങളും അഡോപ്റ്റ് ചെയ്യുന്നുണ്ട്. 2009-ലെ ദേശീയ വിദ്യാഭ്യാസ അവകാശ നിയമം വഴി

*Submission*

മാത്രമാണ് മറ്റ് പല സംസ്ഥാനങ്ങളിലും ഇതുപോലെ സൗജന്യ വിദ്യാഭ്യാസം നൽകുന്നത്. ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും പഠിക്കുന്ന കുട്ടികൾക്കും അതുപോലെ പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന പ്ലസ്ടു വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികൾക്കും പാഠപുസ്തകവും യൂണിഫോമും സൗജന്യമല്ല. പത്താം ക്ലാസുവരെയുള്ള കുട്ടികളുടെ പാഠപുസ്തകവും യൂണിഫോമും സൗജന്യമായി നൽകിക്കൊണ്ടും........ ഉച്ചഭക്ഷണ പദ്ധതിയിൽ നിലവിൽ 9, 10 എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകാത്ത സാഹചര്യമാണുള്ളത്. പല സ്കൂളുകളിലും ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അധ്യാപകരും ഹെഡ് മാസ്റ്റർമാരും 9, 10 എന്നീ ക്ലാസുകളിലെ കുട്ടികൾക്കുകൂടി നിലവിലെ അലോട്ടുമെന്റിൽനിന്നും അഡ്ജസ്റ്റ് ചെയ്ത് ഭക്ഷണം നൽകുന്ന സാഹചര്യമാണുള്ളത്. പലപ്പോഴും ഉച്ചഭക്ഷണത്തിന്റെ ചുമതലയുള്ള അധ്യാപകരും ഹെഡ് മാസ്റ്റർമാരും അവരുടെ പക്കൽനിന്നും പണം ചെലവാകുന്നുവെന്ന് പരിഭവം പറഞ്ഞിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികൾക്കുള്ള പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം എന്നിവയുൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും പൂർണ്ണമായും സൗജന്യമായി നൽകിക്കൊണ്ടുള്ള ഒരു ഇടപെടൽ നടത്താൻ

*14-10-2026*

*Submission*

ഈ സർക്കാരിന് സാധിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം ഹയർ സെക്കൻഡറി മേഖലയിലും ഈ വിഷയം നിലനിൽക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഇക്കാര്യം വിദ്യാർത്ഥികളെ മുന്നിൽക്കണ്ട് ഗൗരവമായി പരിഗണിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, കേരളത്തിൽ നിലവിൽ പത്താം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസമാണ് നൽകിവരുന്നത്. ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 1 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് സൗജന്യ വിദ്യാഭ്യാസം നൽകേണ്ടത്. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കാണ് സൗജന്യ പാഠപുസ്തകം അനുവദിച്ചുനൽകുന്നത്. 1 മുതൽ 8 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾക്ക് വില നിശ്ചയിച്ചിട്ടുണ്ടെങ്കിലും കുട്ടികൾക്ക് പാഠപുസ്തകം സൗജന്യമായി നൽകിയശേഷം പിന്നീട് പാഠപുസ്തകത്തിന്റെ വില സമഗ്ര ശിക്ഷാ കേരളത്തിൽനിന്നും റീ ഇമ്പേഴ്സ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുകയാണ് നിലവിൽ ചെയ്തുവരുന്നത്.

*14-10-2026*

*Submission*

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സർക്കാർ/എയ്ഡഡ് 9, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ സർക്കാർ നിശ്ചയിച്ച വില ഈടാക്കിയാണ് കുട്ടികൾക്ക് വിതരണം ചെയ്യുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം (Right to Education Act - RTE) പ്രകാരം 1 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാത്രമാണ് നിലവിൽ സംസ്ഥാനത്ത് സൗജന്യമായി പാഠപുസ്തകങ്ങൾ നൽകിവരുന്നത്. നിലവിൽ പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികളെയാണ് ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഉച്ചഭക്ഷണ പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ പത്താം ക്ലാസ് വരെ ഉച്ചഭക്ഷണ പദ്ധതി വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ഉച്ചഭക്ഷണ പദ്ധതി പന്ത്രണ്ടാം ക്ലാസ് വരെ വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് സമ്മതമാണോയെന്ന് ആരാഞ്ഞുകൊണ്ട് 30-06-2026-ന് കേന്ദ്ര സർക്കാരിൽനിന്നും ഒരു കത്ത് ലഭിക്കുകയും 10-07-26-ലെ സർക്കാർ കത്ത് പ്രകാരം ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ സമ്മതം കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഈ വിഷയം സംബന്ധിച്ച തുടർനിർദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ

*14-10-2026*

*Submission*

സ്വീകരിക്കുന്നതാണ്. പി. എം. പോഷൺ (PM POSHAN - Pradhan Mantri Poshan Shakti Nirman) എന്ന ഒരു പ്രൊപ്പോസലാണ് കേന്ദ്ര സർക്കാർ ഇതിനുവേണ്ടി നൽകിയിട്ടുള്ളത്, പ്രീ-പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെ ഭക്ഷണം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഇക്കാര്യം കേന്ദ്ര സർക്കാർ അംഗീകരിച്ചുവരുന്ന മുറയ്ക്ക് നമുക്കും ഈ രീതിയിൽ നൽകാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് നിലവിൽ മൂന്ന് തരത്തിലാണ് സൗജന്യ യൂണിഫോം വിതരണം നടത്തിവരുന്നത്. സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിഭാഗങ്ങളുൾപ്പെടെയുള്ള എല്ലാ പെൺകുട്ടികൾക്കും പ്രസ്തുത ക്ലാസുകളിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും സൗജന്യ യൂണിഫോം കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് എസ്.എസ്.കെ. (Samagra Shiksha Keralam - SSK) മുഖേന വിതരണം നടത്തിവരുന്നു. സംസ്ഥാനത്ത് സ്റ്റാൻഡ് എലോൺ സർക്കാർ എൽ.പി./യു.പി. സ്കൂളുകളിലും 1 മുതൽ 4 വരെയുള്ള എയ്ഡഡ് എൽ.പി. സ്കൂളുകളിലും നിലവിൽ കൈത്തറി ടെക്സ്റ്റൈൽസ് വകുപ്പ് മുഖേനയാണ്

*Submission*

സൗജന്യ കൈത്തറി യൂണിഫോം വിതരണം ചെയ്തുവരുന്നത്. ഇപ്രകാരം എസ്.എസ്.കെ. മുഖേനയും കൈത്തറി വകുപ്പ് മുഖേനയും സൗജന്യ യൂണിഫോം ലഭിക്കാത്ത സർക്കാർ ഹൈസ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ. വിഭാഗം ആൺകുട്ടികൾക്കും 1 മുതൽ 8 വരെ എയ്ഡഡ് ഹൈസ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും കൂടാതെ, 1 മുതൽ 5 വരെയുള്ള എയ്ഡഡ് എൽ.പി. സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും ഒരു കുട്ടിക്ക് രണ്ട് ജോഡി യൂണിഫോമിന് 600/- രൂപ നിരക്കിൽ യൂണിഫോം അലവൻസും വിതരണം നടത്തിവരുന്നുണ്ട്. പത്താം ക്ലാസ് വരെയുള്ള മുഴുവൻ വിദ്യാർഥികൾക്കും സൗജന്യ യൂണിഫോം അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. കേരളത്തിലെ പത്താം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും നിലവിൽ സൗജന്യ വിദ്യാഭ്യാസമാണ് നൽകിവരുന്നത്. പത്താം ക്ലാസ് മാത്രമല്ല, ഹയർ സെക്കൻഡറി വിദ്യാഭ്യാസവും ഈ അർഥത്തിൽ സൗജന്യമാണ്. എന്നാൽ 9, 10 എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം, പാഠപുസ്തകം, ഉച്ചഭക്ഷണം എന്നിവ ഇപ്പോൾ നൽകുന്നില്ല. സംസ്ഥാനത്തോട് അഭിപ്രായം ചോദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാകുന്ന മുറയ്ക്ക് 9, 10 എന്നീ

*14-10-2026*

*Submission*

ക്ലാസുകളിലേക്കും ഹയർ സെക്കൻഡറിയിലേക്കും ഉച്ചഭക്ഷണം സൗജന്യമായി നൽകാൻ സാധിക്കും. അതുപോലെ യൂണിഫോമിന്റെയും പാഠപുസ്തകത്തിന്റെയും കാര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ പൂർണ്ണമായ അർത്ഥത്തിൽ വരികയും ഇക്കാര്യങ്ങൾക്കായി പല വിധത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള 2000 കോടി രൂപയോളം ലഭ്യമാകുന്ന മുറയ്ക്കും ഇത്തരത്തിലുള്ള പുതിയ പരിഷ്കാരങ്ങളിലേക്ക് നീങ്ങാൻ സർക്കാരിന് സാധിക്കും.